# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA/KKD/P6/1803/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/11/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഞ്ചിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P6/1803/2024 തീയ്യതി: 07/11/2024

## കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2023 മുതൽ 28-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നന്ദന.എസ്.പിള്ളൈ(കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 30-09-2024 | 07-10-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 30-09-2024 | 07-10-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.ധീരജ്.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സഹദ്.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തൻസീല എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീജിത്ത് പി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ എം.പി രജുലാൽ | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീകല വി | അസി. സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷീന സി എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 20-09-2023 |
| ശ്രീമതി. വിൻസി വിജയൻ | അസിസ്റ്റന്റ് എൻജിനീയർ | 20-09-2023 | 20-02-2024 |
| ശ്രീ. ദീപേഷ് കെ. | അസിസ്റ്റന്റ് എൻജിനീയർ ഇൻ ചാർജ്ജ് | 21-02-2024 | 31-03-2024 |
| ശ്രീ. മഹേഷ് കെ.കെ. | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.അതുൽ വി. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. ശ്രീജിത്ത് സി.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. പ്രമോദ് എം.എൻ | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ഡോ. അമ്പിളി നാരായണൻ | വെ റ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. ബാബു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ഡോ അരുൺ അഭിലാഷ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. ജിഷ എൻ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 30-06-2023 |
| ഡോ. വിഭിഷ ഇ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.ജിനീഷ് എ.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-07-2023 |
| ഡോ. അബ്ദുൽ നസീർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-08-2023 | 31-03-2024 |
| ശ്രീമതി ഷൈനി ബാലകൃഷ്ണൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയ ബന്ധിതമായി വരവ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല. | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക B-4 സ്റ്റേറ്റ്മെന്റിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചില്ല | 1-1-7 |
| 9 | സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന റിസർവ് ബാധ്യതാ ശീർഷകത്തിൽ വന്നിട്ടില്ല. | 1-1-8 |
| 10 | മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റ് ഹെഡ്ഡിൽ /അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. | 1-1-9 |
| 11 | സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല | 1-1-10 |
| 12 | തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള നീക്കിയിരിപ്പ് ഗ്രാന്റുകൾക്ക് എ.സി ആർ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | നീക്കിയിരിപ്പ് തുക എന്ത് ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റാണ് എന്ന് വിശദീകരിച്ചിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 21 | 2023-24 വർഷം പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ | 1-9 |

| | | |
|---|---|---|
| | പുതുക്കിയില്ല | |
| 22 | വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു . | 1-10 |
| 23 | രസീതു ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ | 1-11 |
| 24 | പാസ്സ് ബുക്ക് പ്രകാരമുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-12 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി | 1-13 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല | 1-14 |
| 27 | MCF കെട്ടിട നിർമ്മാണം-പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല-2172383 രൂപ ചെലവഴിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-15 |
| 28 | കണ്ണാടിക്കുന്ന് വാട്ടർ സപ്ലൈ സ്കീം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 29 | വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-17 |
| 30 | കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ് | 1-18 |
| 31 | മുൻകൂറുകൾ ഈടാക്കുന്നതിന് / ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. | 1-19 |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. | 1-20 |
| 33 | കുടിവെള്ളക്കരം അടവാക്കൽ- വാട്ടർ അതോറിറ്റിക്ക് അധികമായി അടച്ച തുക തിരികെ ഈടാക്കിയില്ല. | 1-21 |
| 34 | ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല | 1-22 |
| 35 | ജംഗമ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമല്ല. | 1-23 |
| 36 | എസ്.സി.വിഭാഗം വനിതകൾക്ക് ഇരുചക്രവാഹനം - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-24 |
| 37 | കട്ടിൽ വിതരണം പ്രൊജക്റ്റ് നിർവഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച് . | 1-25 |
| 38 | അങ്കണവാടി കലോത്സവം - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-26 |
| 39 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-27 |
| 40 | അങ്കണവാടി കുട്ടികൾക്ക് കളിക്കോപ്പുകൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ രീതി അവലംബിച്ചില്ല. | 1-28 |
| 41 | ഭിന്നശേഷി സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ | 1-29 |
| 42 | ജീവതാളം - പ്രോജക്ട് നിർവഹണം അപാകതകൾ . | 1-30 |

| | | |
|---|---|---|
| 43 | പി.വി.സി വാട്ടർ ടാങ്ക് വിതരണം, ജി.എസ്.ടി കുറവ് ചെയ്തില്ല | 1-31 |
| 44 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പ്രൊജക്ട് പൂർത്തിയായിട്ടില്ല. | 1-32 |
| 45 | അങ്കണവാടി , പോഷകാഹാര വിതരണം സംബന്ധിച്ച്. | 1-33 |
| 46 | സാക്ഷരത തുല്യതാ പഠനം - പദ്ധതി നിർവ്വഹണ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-34 |
| 47 | പ്രതിഭാപോഷണം - പ്രോജക്ട് നിർവഹണം സംബന്ധിച്ച് | 1-35 |
| 48 | നീന്തൽപരിശീലനം - വിശദ വിവരങ്ങൾ ഇല്ല. | 1-36 |
| 49 | സോഫ്റ്റ്‌വെയർ അപാകതകൾ പരിഹരിക്കുന്നത് സംമ്പന്ധിച്ച് | 1-37 |
| 50 | ഇല്ലാത്ത ലോണിന് തിരിച്ചടവിനത്തിൽ തുക ഈടാക്കുന്നു | 1-38 |
| 51 | കരാറുകാർ നിർമ്മാണ പ്രവൃത്തികൾക്ക് ഇൻഷുറൻസ് - എടുക്കുന്നില്ല | 1-39 |
| 52 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 28.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ , അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03. 2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

കോഴിക്കോട്

07-11-2024 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2023-24 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

ക്യാഷ്-ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ്-ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയത് 2,23,84,292/- രൂപയാണ്. ഈ കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി കാണിച്ചിട്ടുള്ളത് 1,52,61,509/- രൂപയാണ്.

### 1-1-3 സമയ ബന്ധിതമായി വരവ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വിവിധ അക്കൗണ്ടുകളിലെ ബാങ്ക് റിക്കൺസിലിയേഷൻ പരിശോധിച്ചതിൽ വരവുകൾ അക്കൗണ്ടിൽ സമയബന്ധിതമായി ചേർക്കാത്തതായി കാണുന്നു. ഈ തുക Directly Credited By Bank, Directly Debited By Bank എന്ന രീതിയിൽ റിക്കൺസിലിയേഷൻ നടത്തി പിന്നീട് ചേർക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1.എം.പി ഫണ്ട് അക്കൗണ്ടിൽ(589) 25.9.23 ന് വരവ് വന്ന പലിശ 2024 ജനുവരിയിലാണ് വരവ് വയ്ക്കുന്നത്.

2.ബഡ്സ് സ്കൂൾ അക്കൗണ്ടിൽ(3031) 25.09.23 ന് പലിശയിനത്തിൽ വരവ് വന്ന 7,067/- രൂപ 2024 മാർച്ച് മാസത്തിലാണ് വരവ് വച്ചത്.

3.ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ(3994) 08.09.23 ന് വരവ് വന്ന 9,72,000/-രൂപ 2024 ഡിസംബറിലാണ് വരവ് വച്ചത്.

### 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല.

1.4.23 ന് നിലവിലുള്ള വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24 വർഷത്തിൽ അസസ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന പ്രതിമാസ സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്മെന്റ് രജിസ്റ്റർ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടതുമാണ്. എന്നാൽ 2023-24 വർഷത്തെ വസ്തുനികുതി ശീർഷകത്തിലെ ഡിമാന്റ് എൻട്രികൾ പരിശോധിച്ചതിൽ 31.3.24 ന് മാത്രമാണ് അവ രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടത്തിനനുസൃതമായി വസ്തുനികുതി ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-1-5 ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല.

SBI E-Payment അക്കൗണ്ട് വഴി ഗുണഭോക്താക്കൾ പണം അടവാക്കുന്ന മുറയ്ക്ക് തന്നെ ബാങ്ക് ബുക്കിൽ വരവ് പ്രതിഫലിക്കുമെങ്കിലും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. മാസാന്ത്യ റിക്കൺസിലിയേഷനിൽ ഇത് Cheque Deposited But Not Cleared എന്ന് അഡ്ജസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്. 2024 ജനുവരി മുതൽ വിവിധ തിയ്യതികളിൽ ബാങ്ക് ബുക്കിൽ വരവ് വന്ന 20,999/-രൂപ 31.3.24 വരെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റായിട്ടില്ല. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഓൺലൈൻ ആയി അടവാക്കുന്ന വിവിധ ഫീസുകളും നികുതികളും അത് അടവാക്കുന്ന സമയത്ത് തന്നെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതിന് സ്വീകരിച്ച നടപടികൾ

അറിയിക്കേണ്ടതാണ്.

1-1-6 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക B-4 സ്റ്റേറ്റ്മെന്റിൽ ബാധ്യതയായി കാണിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

താഴെ പറയുന്ന അക്കൗണ്ടുകളിൽ ബാലൻസ് ഷീറ്റ് B-17 സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്കിൽ നീക്കിയിരിപ്പുള്ള തുകകൾ ഈയിനത്തിൽ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം നിക്കിയിരിപ്പുള്ള തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | B-17 പ്രകാരം നീക്കിയിരിപ്പ് | B-4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| സി.എഫ്.സി | 4091427 | 3770007 |
| സാക്ഷരത | 25988 | 25396 |

1-1-7 മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രതിഫലിച്ചില്ല

ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

1-1-8 സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന റിസർവ് ബാധ്യതാ ശീർഷകത്തിൽ വന്നിട്ടില്ല.

2023-24 വർഷത്തിൽ സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്ന റിസർവ് ബാധ്യതാ ശീർഷകത്തിൽ വന്നിട്ടില്ല. ഈ വർഷവും ചെലവുകൾ പൂർണ്ണമായും റവന്യൂ ചെലവുകളായാണ് എടുത്തിട്ടുള്ളത് (I-6). ആയതിനാൽ B-3 ഷെഡ്യൂളിൽ റിസർവ് ബാധ്യതാ ശീർഷകത്തിൽ 2023-24 വർഷത്തെ ആസ്തി സൃഷ്ടിച്ചിട്ടുള്ള ചെലവുകൾ ചേർത്തിട്ടില്ല.

1-1-9 മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ ബാലൻസ് ഷീറ്റ് ഹെഡ്ഡിൽ /അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഊരാളുങ്കൽ ലേബർ സൊസൈറ്റിക്ക് അനുവദിച്ച 6,85,100/- രൂപ ബാലൻസ് ഷീറ്റിൽ/ അഡ്വാൻസ് രജിസ്റ്ററിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

1-1-10 സ്റ്റോറിന്റെ ക്ലോസിംഗ് മൂല്യം കണക്കാക്കിയില്ല

ബി-14 - ൽ സ്റ്റോക്കിന്റെ ക്ലോസിംഗ് മൂല്യമായി കാണിച്ചിരിക്കുന്ന 9,885/- രൂപ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ്, സ്റ്റോക്ക് രജിസ്റ്റർ സംക്ഷിപ്തം എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സ്റ്റോർസ് നീക്കിയിരിപ്പിന്റെ കൃത്യത ഓഡിറ്റിന് ബോധ്യമായിട്ടില്ല.

1-1-11 തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള നീക്കിയിരിപ്പ് ഗ്രാന്റുകൾക്ക് എ.സി ആർ സൂക്ഷിക്കുന്നില്ല

വാർഷിക ധനകാര്യ പത്രികയുടെ ബി.4 ഷെഡ്യൂൾ പ്രകാരം ഐ.സി.ഡി.എസ്, എൻ.ആർ.എച്ച്.എം, ശുചിത്വമിഷൻ തുടങ്ങിയ ഗ്രാന്റ് തുകകളുടെ നീക്കിയിരിപ്പ് തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആയവയുടെ ചെലവ് നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

1-1-12 നീക്കിയിരിപ്പ് തുക എന്ത് ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റാണ് എന്ന് വിശദീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രികയുടെ ബി.4 ഷെഡ്യൂൾ പ്രകാരം 320100999 Other Liabilities എന്ന ഹെഡിൽ 10,43,089/- നീക്കിയിരിപ്പ് ഉള്ളത് എന്ത് ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റാണ് എന്ന് വിശദീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-2 ബജറ്റ്

ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 22.05.2024 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2023-24 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 88,97,681/- |
| വരവ് | 27,98,47,000/- |
| ആകെ | 28,87,44,681/- |
| ചെലവ് | 28,08,49,233/- |
| നീക്കിയിരിപ്പ് | 78,95,448/- |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 50666071/- |
| വരവ് | 55935237/- |
| ആകെ | 106601308/- |
| ചെലവ് | 71196746/- |
| നീക്കിയിരിപ്പ് | 35404562/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 24025000 | 24025000 | 18456330 | 5568670 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 861000 | 861000 | 759500 | 101500 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 10363350 | 10363350 | 5670241 | 4693109 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 3058600 | 3058600 | 1368967 | 1689633 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 3947016 | 2983500 | 6930516 | 4450876 | 2479640 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 691895 | 4148590 | 4840485 | 3550118* | 1290367 |

* സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ചെലവ് തുകയിൽ ബാങ്ക് ചാർജ് 118/-രൂപ വാർഷിക കണക്കിൽ RP-30(P) ൽ ഗ്രാന്റ് ലഭിച്ച സ്ഥാപനത്തിന് തിരിച്ചടച്ച രീതിയിലാണ് ചെലവ് കാണിച്ചത്. ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക ബാങ്കിൽ നിന്ന് തിരികെ ഈടാക്കി സി.എഫ്.സി ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 236 | 16,36,74,075 | 156 | 6,42,76,270 | 80 | 66.1 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 28,67,524 | 2465988 | 86 |
| വെറ്ററിനറി സർജൻ | 6 | 6 | 25,46,500 | 17,49,935 | 68.72 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 15 | 12 | 40,05,771 | 14,41,504 | 35.99 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 4 | 3 | 2,71,000 | 1,90,000 | 70.11 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 5 | 17,38,718 | 13,98,967 | 80.46 |
| മെഡിക്കൽ | 3 | 3 | 5,75,100 | 5,73,347 | 99.67 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ(ആയുർവ്വേദം) | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 50 | 5,04,65,136 | 2,05,81,880 | 40.78 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 9 | 6,47,36,400 | 2,37,53,533 | 36.69 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 10 | 75,39,347 | 39,24,706 | 52.06 |
| സെക്രട്ടറി | 63 | 31 | 2,55,30,179 | 58,04,478 | 22.74 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 11,20,000 | 6,51,663 | 58.18 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 15,58,000 | 11,26,922 | 72.33 |
| ഹെഡ് മാസ്റ്റർ | 5 | 5 | 7,20,500 | 6,13,342 | 85.12 |
| | 236 | 156 | 16,36,74,075 | 6,42,76,270 | 39.27 |

ഡി.പി.സി. അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 156 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 16,36,74,075/- രൂപ വകയിരുത്തിയതിൽ 6,42,76,270/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 34,38,800/- | 233 |
| വിധവാപെൻഷൻ | 1,16,20,600/- | 9206 |
| വാർദ്ധക്യകാലപെൻഷൻ | 2,34,94,300/- | 19591 |
| വികലാംഗപെൻഷൻ | 30,93,400/- | 2035 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10,19,600/- | 670 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2024 തീയതിയിൽ രാവിലെ 11.50 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,391/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ നിജസ്ഥിതി

ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം എല്ലാ ഉത്തരവാദിത്തങ്ങളും ജീവനക്കാർക്ക് കൃത്യമായി പുന:ക്രമീകരിച്ച് വിഭജിച്ചുനൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കിയതായി കാണുന്നില്ല. സ്റ്റാഫ് മീറ്റിംഗ് നടത്തി കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിൽ സ്ഥാപനം വേണ്ട ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിപ്പിൽ അപാകതകൾ ഉണ്ടായിട്ടുണ്ട്. പഞ്ചായത്തും കെ.എസ്.ഇ.ബിയും ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കിന്റെ എണ്ണം, ഇനം, വാട്സ്, ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നിവ കാണിക്കുന്ന തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ജി.ഐ.എസ് മാപ്പിംഗ് സർവ്വേ മുഖേന 17 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന 1771 തെരുവുവിളക്കുകളുടെ വിശദാംശം ഫയലാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം തെരുവുവിളക്ക് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (207/24) ടെണ്ടർ മുഖേന ഡെക്കാൻ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും 198 എണ്ണം 18 W Led ലൈറ്റുകൾ വാങ്ങി പുതുതായി സ്ട്രീറ്റ് ലൈൻ വലിച്ച പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം രേഖപ്പെടുത്തിയ തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത വിശദാംശം മേൽ ഫയലിലും ഉൾപ്പെട്ടിട്ടില്ല. കുടുംബശ്രീയുടെ മെമ്പർ സെക്രട്ടറിയായ അസിസ്റ്റന്റ് സെക്രട്ടറി കുടുംബശ്രീയുടെ ക്യാഷ് ബുക്ക്, കണക്കുകൾ എന്നിവ ഓഡിറ്റ് വർഷം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-9 2023-24 വർഷം പഴയ നിരക്കിൽ അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾ റീഅസ്സസ്സ് ചെയ്ത് നികുതി നിരക്കുകൾ പുതുക്കിയില്ല

സ.ഉ.(അച്ചടി) നം.25/2023/LSGD തിയ്യതി 05.04.2023 ഉത്തരവ് പ്രകാരം 01.04.2023 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട പുതിയ വസ്തു നികുതി നിരക്കുകൾ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല എന്ന് സഞ്ചയ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. വസ്തു നികുതി പുനർ നിർണ്ണയത്തിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 01/01.10.24) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ 249 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുണ്ട്. ഇതിൽ 139 കെട്ടിടങ്ങൾക്ക് മാത്രമാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി ഈടാക്കുന്നത്. ശേഷിക്കുന്ന 110 കെട്ടിടങ്ങളിൽ 27 എണ്ണം പാർപ്പിടാവശ്യത്തിനുള്ളതും 82 എണ്ണം വാണിജ്യാവശ്യത്തിനുള്ളതും 1 ഇതര വാണിജ്യാവശ്യത്തിനുള്ളതുമാണ്. സാമ്പത്തിക വർഷാരംഭത്തിൽ നമ്പർ നൽകിയ ഈ കെട്ടിടങ്ങളുടെ ഡിമാന്റ് പഴയ നിരക്കിൽ നൽകാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ എന്നാണ് പുതുക്കിയ നിരക്ക് ഈടാക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ടതിന് പഞ്ചായത്ത് അധികൃതർ മറുപടി നൽകിയിട്ടുള്ളത്. എന്നാൽ 2023 -24 സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾക്കെല്ലാം (സഞ്ചയയിൽ) പുതിയ നിരക്കിൽ നികുതി ഡിമാന്റ് ചെയ്യാൻ സൗകര്യമൊരുക്കിയിട്ടുണ്ട് എന്നും മാറ്റം വരുത്തേണ്ട കെട്ടിടങ്ങളുടെ ലിസ്റ്റ് സഹിതം ഐ.കെ.എം വെബ്സൈറ്റ് മുഖേന പഞ്ചായത്തിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, എന്നിട്ടും ഡിമാന്റിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല എന്നും ഓഡിറ്റിൽ ബോധ്യപ്പെട്ടു. ആയതിനാൽ, നികുതി ഇനത്തിൽ വാർഷിക വരുമാനത്തിൽ കുറവ് വന്നത് പഞ്ചായത്തിലെ അധികൃതരുടെ ഭാഗത്തു നിന്നുള്ള കാലതാമസം കൊണ്ടാണെന്ന് വ്യക്തമാണ്. അപാകത എത്രയും വേഗം പരിഹരിച്ച്, മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ഏർപ്പെടുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10 വാണിജ്യ കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു
:

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 04.10.2024 ന് പഞ്ചായത്ത് നിയോഗിച്ച ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | 2/59 A,B കെട്ടിടങ്ങൾ ബാലചന്ദ്രൻ, ബിന്ദു Commercial Building File: SC4/8003/2023 | 1.സ്ഥല പരിശോധനയിൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 2 കെട്ടിട ങ്ങളുടെ ഇടയിൽ ഒരു ഓപ്പൺ സ്പേസ് ആണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥലത്ത് 24.5m*11m ഏരിയയിൽ അനധികൃതമായി ട്രസ്സ് വർക്ക് ചെയ്തിട്ടുണ്ട്.<br><br>2. കംപ്ലീഷൻ പ്ലാൻ പ്രകാരം 2 Urinals, 3 Toilets നിർമ്മിച്ചു എന്ന് കാണിച്ചെങ്കിലും സ്ഥല പരിശോധനയിൽ 1 Urinal, 1 Toilet മാത്രമാണ് നിർമ്മിച്ചത് എന്നും 3 Toilets നിർമ്മിക്കേണ്ട സ്ഥലത്ത് കെട്ടിടത്തിലെ ജീവനക്കാർക്ക് താമസിക്കാനുള്ള സ്ഥലം ആണ് നിർമ്മിച്ചത് എന്നും ബോധ്യപ്പെട്ടു. |
| 2 | 14/117 A,B,C അക്ബർ Commercial Building File: SC-4/750/2024 | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം ഒരു വാണിജ്യ കെട്ടിടവും ഒരു ഇൻഡസ്ട്രിയൽ കെട്ടിടവും നിർമ്മിച്ചു എന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിനോട് ചേർന്ന് ഷീറ്റ് കൊണ്ട് നിർമ്മിച്ച് ക്ലോസ്ഡ് ചെയ്ത രീതിയിൽ അനധികൃതമായി നിർമ്മാണം നടത്തിയിട്ടുണ്ട്.<br><br>2. കൂടാതെ മേൽ പറഞ്ഞ രണ്ട് കെട്ടിടങ്ങളുടെ ഇടയിലുമായി 7.5m*8.75m ഏരിയയിൽ അനധികൃതമായി ട്രസ്സ് വർക്ക് നടത്തിയിട്ടുണ്ട്. |
| 3 | 10/ 552 A,B,C,D കാദർ ഹാജി Commercial Building File: A3-857/15 | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിലെ സ്റ്റെയർകേസ് റൂം ഒരു മുറിയായി വേർതിരിച്ച് കാണിച്ചിട്ടില്ല. ആയതിനാൽ തന്നെ ഇതിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുമില്ല. എന്നാൽ സ്ഥല പരിശോധനയിൽ സ്റ്റെയർ കെയ്സിന്റെ താഴെ യായി ഒരു മൊബൈൽ ആക്സസ്സറീസ് ഷോപ്പ് പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ഇത് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.<br><br>2. കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പ്രവർത്തിക്കുന്ന ഒരു ഫാർമസിയോട് ചേർന്ന് റോഡിൽ നിന്ന് പാലിക്കേണ്ട അകലത്തിലേക്ക് അതിക്രമിച്ച് ഒരു ക്ലോസ്ഡ് ഏരിയയും (1.3m*2.9m), 7.7m*2.9m ഏരിയയിൽ ട്രസ്സ് വർക്കും അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്.<br><br>3. കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ പ്രവർത്തി ക്കുന്ന ഒരു ബേക്കറിയോട് ചേർന്ന് 16.7m*2m ഏരിയയിൽ റൂഫിംഗ് ചെയ്ത് ചുമരുകളും ഗ്രില്ലുകളും കൊണ്ട് ഒരു ക്ലോസ്ഡ് സ്ട്രക്ചർ രീതിയിൽ അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്.<br><br>4. കെട്ടിടത്തിന്റെ ഇടയിലുള്ള വഴിയിലേക്ക് കയറി ഒരു ATM (1.3m*2.4m) പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ഇത് കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ലാത്തതിനാൽ അനധികൃത നിർമ്മാണമായി കണക്കാക്കുന്നു. |

| | | |
|---|---|---|
| | | 5.കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ നിർമ്മിക്കേണ്ടിയിരുന്ന ടോയ്‌ലറ്റുകൾ നിർമ്മിച്ചിട്ടില്ല. |
| 4 | 10/830 H<br>ഉമ്മർ<br>Commercial Building<br>File:SC-4/6240/23 | 1.കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യത്യസ്തമായി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 1.7m*2.95m ഏരിയയിൽ ഒരു ക്ലോസ്ഡ് ഏരിയ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. |
| 5 | 2/180 A To E<br>മിഥുൻ ലാൽ<br>Commercial Building<br>File: SC3/298/24 | 1. കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടുള്ളത് പോലെ ഒരു കെട്ടിടത്തിൽ തന്നെയാണ് മുഴുവൻ മുറികളും പ്രവർത്തിക്കുന്നത്, കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണം 129.09 ച.മീ ആണ്. എന്നാൽ നികുതി നിർണ്ണയിക്കുന്നതിനായി ഏർപ്പെടുത്തിയ സ്ലാബ് 100 ച.മീ. വരെ എന്നാണ്. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം : 15/2023-24 , തിയ്യതി: 07.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പർ അനുവദിച്ച ശേഷം ചട്ടത്തിന് വിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ വരുത്തിയതിന് മേൽ കെട്ടിട ഉടമകൾക്കെതിരെ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 രസീതു ബുക്ക് ഉപയോഗിക്കുന്നതിലെ അപാകതകൾ

2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി രസീതു മുഖേനയുള്ള പിരിവും അവയുടെ ഒടുക്കം പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്ത രസീതു ബുക്ക് പിരിവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 20(2)c പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതികൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും ആയിരിക്കണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥരായ വെറ്ററിനറി സർജൻ, വി.ഇ.ഒ. എന്നിവർ ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി ഉപയോഗിച്ച രശീതികളിൽ ഒന്നിലും തന്നെ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചല്ല രേഖപ്പെടുത്തലുകൾ നടത്തിയതെന്ന് കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

വി.ഇ.ഒ

വി.ഇ.ഒ ഉപയോഗിച്ച 1990, 240013, 24005 നമ്പർ ബുക്കുകളിലെ രസീതികളിൽ ഒന്നും തന്നെ രേഖപ്പെടുത്തലുകൾക്കായി ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ ഉപയോഗിച്ച 1992, 1993, 1995, 1996, 1997, 1998, 1999, 2000 നമ്പർ ബുക്കുകളിലെ

രസീതികളിൽ ഒന്നും തന്നെ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കൂടാതെ 17686 ലെ 1 മുതൽ 41 വരെയുള്ള രശീതികളിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2) രശീതിയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

1. വെറ്ററിനറി സർജൻ ഉപയോഗിച്ച 1995 എന്ന രശീതി ബുക്കിലെ 11 മുതൽ 16 വരെ, 18, 20, 21 എന്നീ രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

2. കൃഷി ഓഫീസർ ഉപയോഗിച്ച 24006, 24003, 24012, 24011, 24010, 24009 നമ്പർ ബുക്കുകളിലെ രസീതികളിൽ ഒന്നും തന്നെ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 24007 രസീതി ബുക്കിലെ 8 മുതൽ 100 വരെയും, 24008 രസീതി ബുക്കിലെ 1, 2, 3, 88 മുതൽ 100 വരെയും രശീതികളിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ രശീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത തുക മേൽ ചട്ട പ്രകാരം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:17/07.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും വീണ്ടും ഇത് ആവർത്തിക്കുന്നു എന്നത് അംഗീകരിക്കാനാവില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ രശീതി കൈകാര്യം ചെയ്യുന്നതിലുള്ള ലാഘവത്തോടു കൂടിയുള്ള സമീപനം തുടർ നടപടി കൈക്കൊള്ളുന്നതിനായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-12 പാസ്സ് ബുക്ക് പ്രകാരമുള്ള പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിലെ (Acc No: 102020002140) പണം പിൻവലിക്കലുകൾ പരിശോധിച്ചപ്പോൾ പാസ്സ് ബുക്ക് പ്രകാരമുള്ള താഴെ കൊടുക്കുന്ന പണം പിൻവലിക്കലുകൾ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം: | തിയ്യതി | ചെക്ക് നം: | പാസ്സ് ബുക്ക് പ്രകാരം | ബാങ്ക് ബുക്ക് പ്രകാരം |
|---|---|---|---|---|
| 1 | 01.12.23 | 202024458 | 894844/- | 888798/- |
| 2 | 13.12.23 | 202024470 | 7240/- | 0 |
| 3 | 13.12.23 | 202024469 | 26450/- | 0 |
| 4 | 27.03.24 | 202025080 | 46500/- | 0 |
| 5 | 25.05.24 | 202025113 | 10392/- | 0 |
| 6 | 07.08.24 | 202025541 | 1000/- | 0 |

പൊരുത്തക്കേടുകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :16/2023-24 , തിയ്യതി: 07.10.24) 04.11.24 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച വ്യത്യാസങ്ങൾ വന്നത് ബാങ്ക് ബുക്കിൽ എന്റർ ചെയ്ത ചെക്ക് നമ്പറുകളും തുകയും മാറിപ്പോയതിനാലാണെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 66/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| വകയിരുത്തിയ തുക | 1,60,000 (എസ്.സി.പി ഫണ്ട്) |
| ചെലവഴിച്ച തുക | 1,10000(2023-24)<br>50000(2024-25 – ക്യൂ ബിൽ ) |

| | |
|---|---|
| ബിൽ നമ്പർ | 131/7-11-23 |

സ.ഉ.കൈ. നമ്പർ 115/2022/ത.സ്വ.ഭ.വ തീയതി 28-05-22 സബ്സിഡി മാർഗ്ഗരേഖ ഖ. 7.2.4 പ്രകാരം എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണ് കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ആകെ 7 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾക്കായി ഖ-3-1 കാണുക.

## 1-14 മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി രൂപീകരിച്ച 5 പൊതുമരാമത്ത് പ്രൊജക്ടുകളിൽ കരാർ സ്ഥാപനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | അഡ്വാൻസ് നൽകിയ തുക | ബിൽ നമ്പർ തിയ്യതി | കരാർ |
|---|---|---|---|
| 137/24മാടാക്കര തോട് സംരക്ഷണ ഭിത്തി | 100000 | 549/26.3.24 | 48/23-24/1.3.24 |
| 197/24മാനോളി ഭാഗം കരുവാരക്കൽ തോട് സൈഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 119340 | 542/26.3.24 | 51/23-24/11.3.24 |
| 138/24 കരുവാരക്കൽ പുലയം കുന്നത്ത്തോട് സംരക്ഷണഭിത്തി നിർമ്മാണം | 95100 | 540/26.3.24 | 47/23-24/1.3.24 |
| 125/24 നാലുകണ്ടത്തിൽ ഡ്രെയിനേജ് | 200000 | 543/26.3.24 | 50/23-24/4.3.24 |
| 136/24 ഒഞ്ചിയം ബാങ്ക് കല്ല്യാണിമുക്ക് തോട് സംരക്ഷണ ഭിത്തി നിർമ്മാണം | 170660 | 541/26.3.24 | 46/23-24/1.3.24 |

| | | | |
|---|---|---|---|
| | | | |
| ആകെ | 685100 | | |

മേൽ പ്രവൃത്തികൾ പൂർത്തിയായത് സംബന്ധിച്ച ബിൽ ഇതുവരെ സമർപ്പിക്കുകയോ, മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി ഏഴ് മാസത്തിലേറെ കഴിഞ്ഞിട്ടും കരാർ സ്ഥാപനം ഇതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. മേൽപറഞ്ഞ പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. കൂടാതെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരം ഗ്രാമപഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ (B-18 ഷെഡ്യൂളിൽ) ഉൾപ്പെടുത്തിയിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റി പൂർത്തീകരണ കാലാവധി അവസാനിച്ചിട്ടും കരാർ സ്ഥാപനം പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2024-24 തീയതി 7.10.2024) മറുപടി ലഭിച്ചിട്ടില്ല. പ്രവൃത്തികൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ നൽകിയ അഡ്വാൻസ് തുക 6,85,100/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും മേൽപ്പറഞ്ഞ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ അഞ്ച് പ്രവൃത്തികളിലും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ബിൽ തുക നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ ഈടാക്കേണ്ടതുമാണ്. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 MCF കെട്ടിട നിർമ്മാണം-പദ്ധതി സമഗ്രമായി തയ്യാറാക്കിയില്ല-2172383 രൂപ ചെലവഴിച്ച പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി – 182/24 ,MCF കെട്ടിട നിർമ്മാണം

2023-24 വർഷത്തെ ചെലവ് – 8,89,548/-

ബിൽ നമ്പർ - 368/16.3.24

എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ്. അജൈവമാലിന്യം ശേഖരിച്ച് സംഭരിക്കുന്നതിനും, തരം തിരിച്ച് കയ്യൊഴിയുന്നതിനും ആവശ്യമായ സൗകര്യങ്ങളോട് കൂടിയ പുതിയ എം.സി.എഫ് നിർമ്മിക്കുന്നതിനുള്ള പ്രൊജക്റ്റ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിൽ രൂപീകരിച്ചു. ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലുള്ള ചാമക്കുന്നിൽ നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടനിർമ്മാണത്തിന് രണ്ടു വർഷങ്ങളിലുമായി ആകെ 21,72,383/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. പദ്ധതി സ്ഥലം 7.10.24 ന് സന്ദർശിച്ചതിൽ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടില്ലെന്ന് കണ്ടു. കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്കുകൾ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. കെട്ടിടത്തിൽ ജലലഭ്യത, വൈദ്യുതി എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കി എം.സി.എഫ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നത് വരെ ഓഡിറ്റ് വർഷത്തെ ചെലവ് 8,89,548/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-16 കണ്ണാടിക്കുന്ന് വാട്ടർ സപ്ലൈ സ്കീം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി -162/24 (29/23, 101/22,215/21)

ചെലവ് -974009 (288826-(21-22), 735283-(23-24)

ബിൽ നമ്പർ - 555/27.3.24

കണ്ണാടിക്കുന്ന് വാട്ടർ സപ്ലൈ സ്കീം കിണർ അറ്റകുറ്റപണി നടത്തി പ്രവർത്തന യോഗ്യമാക്കുന്നതാണ് പ്രോജക്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരാർ സ്ഥാപനം സമയബന്ധിതമായി പ്രവൃത്തി നടപ്പിലാക്കാത്തതിനാൽ ജി.എസ്.ടി. ഇനത്തിൽ അധിക ചെലവ്

ഡി.എസ് ആർ 2018 ലെ നിരക്കിൽ 36.44 കോസ്റ്റ് ഇൻഡക്സ്, 12% ജി.എസ്.ടി എന്നിവ ഉൾപ്പെടുത്തിയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കരാർ ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി (കരാർ- 26/21-22/18.1.22) 20.1.22 മുതൽ 25.3.22 വരെ പ്രവൃത്തി നടത്തിയതിന് പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട് (MB-215/20-21). പിന്നീട് പദ്ധതിയുടെ പൂർത്തീകരണത്തിൽ കരാർ സ്ഥാപനം കാലതാമസം വരുത്തുകയും ഓഡിറ്റ് വർഷത്തിൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഒരു വർഷത്തിന് ശേഷം 27.5.23 ന് വീണ്ടും തുടങ്ങിയ പ്രവൃത്തി 7.7.23 നാണ് പൂർത്തീകരിക്കുന്നത്(MB/242/22). ചീഫ് എഞ്ചിനീയറുടെ 2.9.22 ലെ DB3/9058/2017/CE/LSGD നമ്പർ സർക്കുലർ പ്രകാരം 18.7.22 മുതൽ കരാർ പ്രവൃത്തി സേവനങ്ങൾക്ക് 18% നികുതിയാണ് ബാധകമായിട്ടുള്ളത്. കരാർ പ്രകാരം 17.1.22 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരം 12% ജി.എസ്.ടി അടയ്ക്കേണ്ടിയിരുന്നതുമായ ഈ പ്രവൃത്തി കരാറുകാരൻ സമയബന്ധിതമായി പൂർത്തിയാക്കാതെ കാലതാമസം വരുത്തി. 8.8.22 ലെ 26/22 നമ്പർ പഞ്ചായത്ത് തീരുമാന പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പ്രകാരം 27.5.23 മുതൽ നടപ്പാക്കിയ പ്രവൃത്തിയ്ക്ക് ഫൈനൽ ബിൽ അനുവദിച്ചപ്പോൾ മേൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം അധികനിരക്കിൽ നികുതി അടയ്ക്കേണ്ട ബാധ്യത ഉണ്ടായിട്ടുണ്ട്. കരാർ സ്ഥാപനത്തിന്റെ അനാസ്ഥമൂലം ഗ്രാമപഞ്ചായത്തിന് അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫൈനൽ ബിൽ പ്രവൃത്തി മൂല്യം | പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നെങ്കിൽ അനുവദിക്കേണ്ടിയിരുന്ന നികുതി (12%) | അനുവദിച്ച നികുതി | അധിക ചെലവ് |
|---|---|---|---|
| 836273 | 100353 | 137735 | 37382 |

കരാർ സ്ഥാപനം പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ അധികം നികുതി അടയ്ക്കേണ്ടി വന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുള്ള 37,382/- രൂപയുടെ നഷ്ടം സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

2)പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തില്ല.

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. ഇവിടെ 18.1.22 ൽ പ്രവൃത്തിയ്ക്കായി സ്ഥലം കരാറുകാരന് വിട്ടുനൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചപ്പോൾ കിണറ്റിലെ വെള്ളം വറ്റിയ്ക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതിനാലും ചളി കൂടുതൽ ആഴത്തിൽ നിന്ന് എടുക്കുന്നതിന് Well Kerb നിർമ്മിക്കുന്നതിനും പദ്ധതി റിവൈസ് ചെയ്യുന്നതിന് 8.2.22 ൽ തന്നെ പഞ്ചായത്ത് അനുവാദം നൽകിയിട്ടുണ്ട്. എന്നിട്ടും വളരെയധികം കാലതാമസത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിയാണ് കാലയളവ് ദീർഘിപ്പിക്കേണ്ടത്. പക്ഷേ ഇക്കാര്യത്തിന് കരാർ സ്ഥാപനം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതാണെങ്കിലും അത്തരത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ

അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. പി.എ.സി തുക 10,96,845/- രൂപയുടെ 3% തുകയായ 32,905/- രൂപ പിഴ ഈടാക്കാതെയാണ് സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/ 2024-24 തീയതി 7.10.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് മേൽ കാണിച്ച പ്രകാരം 70,287/- രൂപ (37382+32905) കരാർ സ്ഥാപനത്തിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കുന്നത് വരെ 9,74,009/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2023-24 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 26/24 പഞ്ചായത്ത് ഓഫീസിൽ ഇന്റർകോം സ്ഥാപിക്കൽ | 4540(തനത് ഫണ്ട്) 234000(വികസന ഫണ്ട്-ക്യൂ ബിൽ 2024-25 ചെലവ്) | 402/23-3-24 | പി.ഡബ്ല്യു.ഡി, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോഴിക്കോടിന് കൈമാറി. പ്രവൃത്തി പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി.യുമായി കരാർ വെച്ചില്ല. |
| 2 | 260/24 ഐ.കെ. എം മെമ്പർഷിപ്പ് ഫീസ് | 280177 (വികസന ഫണ്ട്) | 489/25-3-24 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി. വിനിയോഗ വിവരം ലഭ്യമല്ല. |
| 3 | 2/24 ഐ.കെ. എം വിഹിതം അടവാക്കൽ | 112386 (വികസന ഫണ്ട്) | 23/21-6-23 11/6-6-2023 | ഐ.കെ. എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറി. വിനിയോഗ |

| | | | | |
|---|---|---|---|---|
| | | | | വിവരം ലഭ്യമല്ല. |
| 4 | 149/24 ഡി.പി.സി സെക്രട്ടറിയേറ്റ് കെട്ടിട നിർമ്മാണം തുക കൈമാറൽ | 100000(തനത് ഫണ്ട്) | 269/19-1-24 | പ്രവൃത്തി പൂർത്തീകരണം, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല. |
| | ആകെ | 4,97,103/- | | |

മേൽ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (19/7-10-24) മറുപടി നൽകിയിട്ടില്ല. പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 4,97,103/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 കൃത്യമായ ആസ്തി സംരക്ഷണ പദ്ധതികൾ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ്

ഗ്രാമപഞ്ചായത്തിൽ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് 16 റോഡുകളിൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ എല്ലാ റോഡുകളിലും ഒരേ ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള മെയിന്റനൻസ് പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് കണ്ടു.

റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ച മൂലം റോഡുകൾ സമയാസമയങ്ങളിൽ മെയിന്റനൻസ് ചെയ്യാത്തതിനാൽ പൂർണമായും പൊളിഞ്ഞു പോകുന്ന അവസ്ഥ ഉണ്ടാകുകയും റോഡ് മെയിന്റനൻസ് പ്രവൃത്തികൾ നടത്തേണ്ടി വരുമ്പോൾ പഴയ റോഡിന്റെ ഉപരിതലം മുഴുവനും സ്കാരിഫൈ ചെയ്ത് പുതിയ റോഡ് ഉണ്ടാക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടിയും വരുന്നു. സമയബന്ധിതമായി റോഡുകൾ മെയിന്റനൻസ് ചെയ്യാതിരുന്നതിനാലാണ് റോഡുകൾ പൂർണമായും തകർന്ന പോകുന്ന അവസ്ഥ ഉണ്ടായത്. തൻവർഷം നടപ്പിലാക്കിയ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികളെല്ലാം ഇത്തരത്തിൽ അധിക ചെലവ് വന്ന പ്രവൃത്തികളാണ്. റോഡ് മെയിന്റനൻസ് പ്രവൃത്തികളിലെല്ലാം സമയബന്ധിതമായി മെയിന്റനൻസ് പ്രവൃത്തി നടത്താത്തതിനാൽ ഫൗണ്ടേഷൻ പ്രിപ്പറേഷൻ, വെറ്റ്മിക്സ് മെക്കാഡം, പ്രൈം കോട്ട് എന്നീ ഇനങ്ങൾ ചെയ്യേണ്ടി വന്നതിനാലാണ് അധിക ചെലവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിലെ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ മുൻഗണനാ ക്രമത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡുകളുടെ ബിറ്റുമിൻ പ്രതലം പൂർണ്ണമായി നഷ്ടപ്പെട്ട ശേഷമാണ് മെയിന്റനൻസ് പ്രവൃത്തികൾ നിർവ്വഹിക്കുന്നത് റോഡ് പ്രതലം സ്കാരിഫൈ ചെയ്ത് ജി.എസ്.ബി, ഡബ്ല്യൂ.എം.എം എന്നിവ വീണ്ടും നിർവ്വഹിക്കേണ്ടി വരുന്നത് അധിക ചെലവിന് കാരണമാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ബേസ് പുനർ നിർമ്മാണത്തിനായി നിർവ്വഹിച്ച ഇനങ്ങളും അളവും | ബേസ് പുനർ നിർമ്മാണത്തിനായി ചെലവഴിച്ച തുക ജി.എസ്.ടി |
|---|---|---|

| | | |
|---|---|---|
| | | ഉൾപ്പെടെ (എം.ബുക്ക് പ്രകാരം ) |
| 73/24 വടക്കയിൽ മുക്ക് ക്ലുവക്കൽ താഴെ റോഡ് ചെലവ് - 503679-19/13.12.23 | 3.2 Scarify 428 $M^2$@8.98 =3843.44<br>4.1.A.1 GSB 29.960$m^3$ @2716.43=81384.24<br>OD GSB 12.840$m^3$ @170.30=2186.85<br>4.9 WMM 64.2 $M3$ @3033.52=194751.98 | 282167 |
| 101/24 നാഷണൽ ഹൈവേ മടപ്പള്ളി ഗവ.കോളേജ് റോഡ് ചെലവ് - 695673-525/15.3.24 | 3.2 Scarify 294.524 $M^2$@8.98 =2644.83<br>4.1.A.1 GSB 20.632$m^3$ @2716.43=56045.38<br>OD GSB 11.025$m^3$ @170.30=1877.56<br>4.9 WMM 44.179 $M3$ @3033.52=134017.88 | 194585.65 |
| 109/24 താഴെ പുതുയോട്ടിൽ കെ.പി.ആർ റോഡ് 596233-523/25.3.24 | 3.1 Scarify 334.887 $M^2$@38.78 =12986.92<br>4.1.A.1 GSB 23.453$m^3$ @2716.43=64708.43<br>OD GSB 10.036$m^3$ @170.30=1709.13<br>4.9 WMM 50.235 $M3$ @3033.52=152388.88 | 231793.36 |
| 114/24 പറമ്പത്ത് പീടിക ഗണപതി ക്ഷേത്രം റോഡ് ചെലവ് - 476446-386/18.3.24 | 3.2 Scarify 273 $M^2$@8.98 =2451.54<br>4.1.A.1 GSB 19.110$m^3$ @2716.43=51910.98<br>OD GSB 8.190$m^3$ @170.30=1394.76<br>4.9 WMM 40.950 $M3$ @3033.52=124222.64 | 179979.924 |
| 116/24 എടപ്പ റോഡ് | 3.2 Scarify 297 $M^2$@8.98 | 186004.28 |

| | | |
|---|---|---|
| ചെലവ് 326237-376/18.3.24 - | =2667.06<br>4.1.A.1 GSB 19.452$^{m3}$ @2716.43=52840<br>OD GSB 8.896 M3 @170.30=1514.99<br>4.9 WMM 42.519 M3 @3033.52=128982.24 | |

സമയബന്ധിതമായി പുനരുദ്ധാരണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച മൂലം ആസ്തി സംരക്ഷണത്തിനായി അധിക തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആസ്തി സംരക്ഷണ പദ്ധതിയുടെ അഭാവമാണ് അപാകതക്ക് കാരണമായിട്ടുള്ളത്.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്റ്റുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതു കൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം, പരിപാലനം, കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കാതെ റോഡ് മെയിന്റനൻസിന് അധിക തുക ചെലവഴിക്കുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/*23-24 തിയ്യതി 7-10*-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-19 മുൻകൂറുകൾ ഈടാക്കുന്നതിന് / ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത മുൻകൂറുകൾ നാളിതുവരെ തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമനമ്പർ | അക്കൗണ്ട് ഹെഡ് | അഡ്വാൻസ് അനുവദിച്ചതിന്റെ വിശദാംശം | തുക | നൽകിയ കാലയളവ് |
|---|---|---|---|---|
| 1 | 460500202 | Advance To Implementing Agencies- Deposit With KSEB | 204712 | 2017-18,2018-19 |
| 2 | 460500201 | Advance To Implementing Agencies- Deposit With KWA | 146437 | 2017-18 |
| 3 | 460100199 | Other Advances | 16225 | 2021-22,2022-23 |
| 4 | 460500801 | Advance To MGNREGA Administrative Expences | 2359951 | 2020-21 മുതൽ 2023-24 വരെ |
| 5 | 460500501 | Advance To Imlementing Officers | 1886759 | 2019-20 മുതൽ 2023-24 വരെ |

2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-14 പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ ക്രമീകരിച്ച് അറിയിക്കാനാവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് പരാമർശം ലാഘവത്തോടെ കാണുന്നത് ശരിയായ സമീപനമല്ല. എത്രയും പെട്ടെന്ന് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്ത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ചുവടെ കൊടുത്ത ഇനങ്ങളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Contracors EMD | 16900 |
| 2 | Suppliers Security Deposit | 41412 |
| 3 | Bidders EMD | 21668 |

| | | |
|---|---|---|
| 4 | Other Deposit | 36035 |
| 5 | Auction Deposit | 87600 |
| 6 | Contracors Security Deposit | 23125 |
| 7 | Contracors Retension | 181075 |
| 8 | Suppliers EMD | 17860 |
| 9 | Election Deposit | 42000 |

2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15 പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി അറിയിക്കാനാവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് നിർദ്ദേശം പാലിച്ച് എത്രയും പെട്ടെന്ന് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടി അറിയിക്കേണ്ടതാണ്.

1-21 കുടിവെള്ളക്കരം അടവാക്കൽ- വാട്ടർ അതോറിറ്റിക്ക് അധികമായി അടച്ച തുക തിരികെ ഈടാക്കിയില്ല.

ILGMS ലെഡ്ജർ ബുക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് തനതു ഫണ്ടിൽ നിന്നും തൻവർഷം ആകെ 7,02,471/- രൂപ ചെലവഴിച്ചിട്ടുണ്ട്. A4-5765/21 ഫയൽ പ്രകാരം 27-7-2021 ലാണ് അവസാനമായി വാട്ടർ അതോറിറ്റി സംയുക്ത പരിശോധന നടത്തിയത്. അന്ന് ലഭ്യമാക്കിയ സംയുക്ത പരിശോധനറിപ്പോർട്ട് പ്രകാരം 46 എണ്ണം പ്രവർത്തനക്ഷമമാണെന്നറിയിച്ചിട്ടുണ്ട്. അതിൽ 2 എണ്ണം സ്വകാര്യ വ്യക്തികളുടെ കോമ്പൗണ്ടിനുള്ളിലുള്ളതാണ്. പഞ്ചായത്ത് ലഭ്യമാക്കിയ വിവരവും ഫയലും പ്രകാരം സംയുക്ത പരിശോധന കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി അയക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരം ആഗസ്ത് 2021 മുതൽ മെയ് 2023 വരെ - 61 പൊതുടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. ജൂൺ 2023 മുതൽ 44 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. 11-10-2021 തീയതിയിലെ 7/185/2021 നമ്പർ ഭരണസമിതി തീരുമാന പ്രകാരം സ്വകാര്യ വ്യക്തിയുടെ പറമ്പിലുള്ള 2 എണ്ണവും പ്രവർത്തന ക്ഷമമല്ലാത്ത 4 എണ്ണവുമുൾപ്പെടെ 6 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ നാളിതു വരെ അധികമായി ഈടാക്കിയ തുക റീഫണ്ട് ചെയ്യുന്നതിനായി പലതവണ വാട്ടർ അതോറിറ്റിക്കേ് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കത്തിൽ പറയുന്ന പൊതുടാപ്പുകളുടെ എണ്ണവും (ആകെ 50) ഡിമാന്റ് നോട്ടീസിൽ വെള്ളക്കരമടക്കാൻ ആവശ്യപ്പെടുന്ന പൊതുടാപ്പുകളുടെ എണ്ണവും (ആകെ 61 എണ്ണം) തമ്മിൽ പൊരുത്തമില്ല. സംയുക്ത പരിശോധന കഴിഞ്ഞിട്ടും പ്രസ്തുത റിപ്പോർട്ടിൽ പറയുന്ന 44 എണ്ണത്തിന് പകരം 61 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് തുടർന്നു വന്ന പത്ത് മാസങ്ങളിലും അടവാക്കിയത്. ആയതിനാൽ 17 (61-44) പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പത്ത് മാസങ്ങളിലായി അധികമായി ഈടാക്കിയ തുക റീഫണ്ട് ചെയ്തു കിട്ടേണ്ടതുണ്ട്. ആയത് റീഫണ്ട് ചെയ്തു കിട്ടുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-22 ലേലം തുടർ നടപടികൾ സ്വീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ 10/05/2023 ലെ സാധാരണ യോഗത്തിലെ 5/1 നമ്പർ തീരുമാനപ്രകാരം ഇരുമ്പ് പാഴ് വസ്തുക്കൾ എന്നിവയും, 25/05/23 ലെ യോഗത്തിലെ 9/1 നമ്പർ തീരുമാനപ്രകാരം വെള്ളിക്കുളങ്ങര ക്രാഷ് റോഡിൽ മുറിച്ചിട്ട മരങ്ങളും ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചെങ്കിലും ആരും ലേലം കൈകൊണ്ടിട്ടില്ലാത്തതിനാൽ ലേല നടപടികൾ പൂർത്തിയായിട്ടില്ല. തുടർന്ന് 22/06/2023 ലെ 3/1 നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം പുനർ ലേലം ചെയ്യാൻ തീരുമാനിച്ചെങ്കിലും തുടർ നടപടികൾ കൈകൊണ്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി- 25/2023-24, 07/10/24)മറുപടി ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് ഇരുമ്പ് പാഴ് വസ്തുക്കളും, മുറിച്ചിട്ട മരങ്ങളും ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ജംഗമ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമല്ല.

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം അവയ്ക്ക് നേരെ കാണിച്ച ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം/പേര് | ചെലവ് തുക,ഫണ്ടിനം | സൃഷ്ടിച്ച ആസ്തിയുടെ വിവരം |
|---|---|---|---|
| 1 | 62/24 മാലിന്യ നിർമ്മാർജ്ജനത്തിന് വാഹനം വാങ്ങൽ | 375573(തനത് ഫണ്ട്)+350000(ശുചിത്വമിഷൻ ഫണ്ട്) =725573 | Tata Intra V-30 Pickup വണ്ടി - 1 |
| 2 | 28/24 പഞ്ചായത്ത് ഹാളിലേക്ക് കസേരകൾ വാങ്ങൽ | 48000 (തനത് ഫണ്ട്) | ഫൈബർ ചെയർ(armless) - 80<br>ഫൈബർ ചെയർ (Armed)-10 |
| 3 | 227/24 സാനിറ്ററി പാഡ് ഡിസ്ട്രോയർ | 47000 (തനത് ഫണ്ട്) | സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ -1 |
| 4 | 106/24 ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 416981 (വികസന ഫണ്ട്-416981+ തനത് ഫണ്ട് - 981) | പ്രിന്റർ-3<br>ഡെസ്ക്ടോപ്പ് - 4<br>ലാപ്ടോപ്പ്- 2 |
| 5 | 153/24 | 152693 (തനത് ഫണ്ട്) | Shelf/File Rack – 8.64 Sqm |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടുകൾ പ്രകാരം സമാഹരിച്ച ജംഗമ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ജംഗമ വസ്തുക്കളുടെ ആസ്തി രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-24 എസ്.സി.വിഭാഗം വനിതകൾക്ക് ഇരുചക്രവാഹനം - പ്രോജക്ട് നിർവ്വഹണം അപാകതകൾ

തൻവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം

പ്രൊജക്ട് മുഖേന എസ്.സി വിഭാഗത്തിലെ 2 വനിതകൾക്ക് ഇരുചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ സാങ്ഷൻ നം/ തീയതി |
|---|---|---|---|
| 81/24 പട്ടികജാതി വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം | 81000-വി.ഫണ്ട് (എസ്.സി.പി) + 19000(തനതു ഫണ്ട്) = 100000 | 81000-വി.ഫണ്ട് (എസ്.സി.പി) + 8639(തനതു ഫണ്ട്) = 89639 | 488/24-3-24 404/23-2-24 |

സംരംഭം ചെയ്ത് വിജയിച്ച വരുന്ന ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തുന്ന വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. വാഹനത്തിന് 1,00,000/- രൂപ കണക്കാക്കി 50 ശതമാനം സബ്സിഡിയും ബാക്കി തുക ബാങ്ക് വായ്പയുമായാണ് ഫണ്ട് കണ്ടെത്തുന്നതിന് പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. തൊഴിൽ രഹിതർ, ഇരുചക്രവാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തുന്നവർ, ലൈസൻസ് നിലവിൽ ഉള്ളവരായിരിക്കണം എന്നിവയാണ് പ്രൊജക്ട് പ്രകാരം അർഹതാ മാനദണ്ഡങ്ങൾ. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് മുഖേന ശ്രീമതി രജിത.എം.കെ, ശ്രീമതി ഷീബ.വി.പി എന്നിവർക്കാണ് ധനസഹായം നൽകിയിരിക്കുന്നത്. ഇതിൽ ശ്രീമതി ഷീബ.വി.പി റെഡിമെയ്ഡ് വസ്ത്രം വിൽക്കുന്ന തൊഴിൽ ചെയ്തു വരുന്നുണ്ടെന്നും, ശ്രീമതി രജിത.എം.കെ വീട്ടിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ ഉണ്ടാക്കി വിൽക്കുന്ന തൊഴിൽ ചെയ്തു വരുന്നുണ്ടെന്നുമുള്ള വിശദാംശങ്ങളാണ് അസിസ്റ്റന്റ് സെക്രട്ടറി നൽകിയത്. എന്നാൽ രണ്ടു വ്യക്തികളേയും നേരിൽ കേട്ടതിൽ ശ്രീമതി ഷീബ.വി.പി ഒരു നൈറ്റി കടയിൽ ജോലി ചെയ്യുകയാണെന്ന് അറിയിച്ചിട്ടുണ്ട്. അതേ കടയിൽ നിന്നും നൈറ്റി വാങ്ങി സ്കൂട്ടറിൽ കൊണ്ടു പോയി വിൽപ്പന നടത്തുന്നുണ്ടെന്നും അവർ പറഞ്ഞു. ശ്രീമതി രജിതയും നിലവിൽ പല സ്ഥാപനങ്ങളിലുമായി താത്കാലികമായി ജോലി നോക്കുകയാണ്. അവർ സൊസൈറ്റിയിൽ നിന്നും പാൽ വാങ്ങി വീട്ടിൽ വച്ച് മോരുണ്ടാക്കി ഭർത്താവ് സ്കൂട്ടറിൽ പല വീടുകളിലായി കൊണ്ടു പോയി വിൽക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രണ്ടുപേരും പറഞ്ഞത് പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നുണ്ടെന്ന് തെളിയിക്കുന്നതിന് ആധികാരികമായ രേഖകൾ ഒന്നും തന്നെയില്ല. ശ്രീമതി രജിതയുടെ സ്കൂട്ടർ അവരുടെ ഭർത്താവും ശ്രീമതി ഷീബയുടെ സ്കൂട്ടർ അവരുടെ ഒരു ബന്ധുവുമാണ് പഞ്ചായത്ത് ഓഫീസ് വരെ എത്തിച്ചിരിക്കുന്നത്. ലൈസൻസ് ഉണ്ടെങ്കിലും രണ്ടു പേരും നിലവിൽ വാഹനം ഓടിക്കുന്നില്ല. ഇതിൽ നിന്നും ഇവർ നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ചാണ് ആനുകൂല്യം കൈപ്പറ്റിയിരിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. ലൈസൻസ് നിലവിൽ ഉള്ളവരാണെന്നതല്ലാതെ മറ്റ് മാനദണ്ഡങ്ങൾ ഒന്നും തന്നെ പാലിച്ചിട്ടില്ല. അർഹതയില്ലാത്തവരാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും, നിർവ്വഹണ ഉദ്യോഗസ്ഥൻ ശരിയായ രീതിയിൽ അന്വേഷണം നടത്താതെയാണ് ആനുകൂല്യം നൽകിയതെന്നും കാണുന്നു.

2. ശ്രീമതി രജിത മാർച്ച് മാസം തന്നെ 47,000/- രൂപ സബ്സിഡിയും; ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും നിന്നും 60,000/- രൂപ ലോണും എടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതി വരെ ലോണടവ് ആരംഭിച്ചിട്ടില്ല. യഥാസമയം ലോണടവ് ആരംഭിച്ചിട്ടില്ലെങ്കിൽ ഗുണഭോക്താവ് കടക്കെണിയിലാകുന്ന അവസ്ഥയുണ്ടാകും .

3. രണ്ടു പേരും എഴുതിക്കൊടുത്ത എഗ്രിമെന്റ് പ്രകാരം പ്രൊജക്ടിന്റെ ആനുകൂല്യം അനർഹമായി കൈപ്പറ്റിയതാണെന്ന് പിന്നീട് കണ്ടെത്തുകയോ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന പക്ഷം പ്രസ്തുത ആനുകൂല്യം നൽകുന്നതിന് ചെലവാക്കിയ മുഴുവൻ തുകയും നിയമാനുസൃതം വസൂലാക്കുന്നതിന് ഒഞ്ചിയം പഞ്ചായത്തിന് അവകാശാധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ സംരംഭം ഇടയ്ക്ക് വച്ച നിർത്തുകയോ വാഹനം മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്യില്ലെന്നും അപ്രകാരം ചെയ്യുന്നപക്ഷം സബ്സിഡി തുക തിരികെ ഈടാക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ ആനുകൂല്യം കൈപ്പറ്റിയതിന് ശേഷം കരാർ വ്യവസ്ഥ ലംഘിച്ചതായി മേൽ പറഞ്ഞ കാര്യങ്ങളിൽ നിന്ന് വ്യക്തമാണ്. എന്നാൽ ഇതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചതായോ, തുടർ

മോണിറ്ററിംഗ് നടത്തിയതായോ കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/7-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥനെ തെറ്റിദ്ധരിപ്പിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഇടം പിടിച്ച് അർഹതയില്ലാതെ ആനുകൂല്യം നേടിയെടുത്ത 2 പേരിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്. വരും വർഷങ്ങളിൽ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തുമ്പോൾ ഗുണഭോക്താക്കളുടെ അർഹത കൃത്യമായും പരിശോധിച്ച് പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കട്ടിൽ വിതരണം പ്രൊജക്റ്റ് നിർവഹണത്തിലെ ന്യൂനതകൾ സംബന്ധിച്ച് .

പ്രോജക്റ്റ് നമ്പർ: 129/24.

പ്രോജക്റ്റ് : വയോജനങ്ങൾക്ക് കട്ടിൽ .

അടങ്കൽ : 20000 (തനത് ഫണ്ട്) 4,80,000 (വികസന ഫണ്ട്)

ചെലവ് : 19478/-

വൗച്ചർ നമ്പർ/തീയതി : 22301126/31.03.2024

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ .

പ്രോജക്റ്റ് പ്രകാരം 120 കട്ടിലുകൾ 'കാഡ്കോ' യിൽ നിന്നും വിതരണത്തിനായി വാങ്ങിയിരുന്നു. ഇതിൽ 19,478/- രൂപ 2023-24 വർഷവും ശേഷിക്കുന്ന 4,80,000/-രൂപ പ്രോജക്റ്റ് നമ്പർ 193/24 പ്രകാരം 2024-25 -വർഷവും കാഡ്കോക്ക് നൽകിയിട്ടുണ്ട്. ഒരു കട്ടിലിന്റെ വില 4165.40 രൂപയാണ് . പ്രസ്തുത കട്ടിലുകളുടെ ഗുണഭോക്താക്കളുടെ വിതരണ കൈപ്പറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 115 പേർ മാത്രമേ കട്ടിൽ കൈപ്പറ്റിയിട്ടുള്ളൂ. വാർഡ് 4,6,8 എന്നിവയിലെ ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതിന്റെ രേഖകൾ ഇല്ല. കൈപ്പറ്റില്ലാത്തവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

വത്സല കുവക്കുൽ കുനിയിൽ (വാർഡ്-6), ആയിഷ ചെറിയ കുന്നുമ്മൽ (വാർഡ്-8), കുഞ്ഞാമി കിഴക്കെകുനിൽ – (വാർഡ്-8) , ആയിഷ മുതിരച്ചാലിൽ (വാർഡ്-8), ദേവി മഠത്തിൽ (വാർഡ്-4)

2) ഓഡിറ്റിന് ലഭ്യമാക്കിയ 2023-24 -ലെ ഗുണഭോക്തൃ ലിസ്റ്റ് ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല. കൂടാതെ ലഭ്യമായ ലിസ്റ്റിൽ നിരവധി ഗുണഭോക്താക്കളുടെ പേരുകൾ പേനകൊണ്ട് വെട്ടി മറ്റ് പേരുകൾ ചേർത്ത് കാണുകയുണ്ടായി. ഉദാഹരണം വാർഡ് 4 പഴയതും മാറ്റം വരുത്തിയതും യഥാക്രമം, ശാരദ തെക്കയിൽമീത്തൽ, ദേവി മഠത്തിൽ, വാർഡ് 8 ൽ നബീസ ആബിട്ടാട്ടിൽ, ആയിഷ മുതിരച്ചാലിൽ .

3) പുതുക്കിയ ഗുണഭോക്തൃലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല . മേൽ ചേർത്ത ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/7.10.2024) ലഭ്യമാക്കിയ മറുപടിയിൽ 12.2.2024 ന് ഭരണസമിതി പരിഷ്കരിച്ച ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ടെന്നും ആയത് മറുപടിക്കൊപ്പം ചേർത്തിട്ടുമുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ രണ്ടിൽ സൂചിപ്പിച്ച ദേവി മഠത്തിൽ എന്ന ഗുണഭോക്താവ് പരിഷ്കരിച്ച പട്ടികയിലും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കൈപ്പറ്റ് രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കളും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ ഒന്നിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ കൈപ്പറ്റ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആയത് മറുപടിക്കൊപ്പമോ പരിശോധനക്കോ ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രേഖകളുടെ അഭാവത്തിൽ 5 കട്ടിലുകളുടെ വിലയായ 19,478/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 അങ്കണവാടി കലോത്സവം - പ്രോജക്റ്റ് നിർവ്വഹണത്തിൽ ന്യൂനതകൾ.

പ്രോജക്റ്റ് നമ്പർ : 94/2023-24, അങ്കണവാടി കലോത്സവം .

അടങ്കൽ - 15000/ (വികസന ഫണ്ട്)

ചെലവ് - 15000/-
ബിൽ നമ്പർ,തീയതി : 23170352014701142406/31.01.2024

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്റ്റ് പ്രകാരം SUMVAN എന്ന വ്യക്തിക്കാണ് ചെലവ് തുക നൽകിയിട്ടുള്ളത്. പി. എസ് ലൈറ്റ് ഡെക്കർ എന്ന സ്ഥാപനത്തിന്റെ മേശ കസേര, ലൈറ്റ് തുടങ്ങിയ ഇനങ്ങൾ ഉൾപ്പടെ 28720/- രൂപയുടെ ബില്ലാണ് ഫയലിലുള്ളത്. അതിൽ നിന്ന് 15000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.

നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ ചേർക്കുന്നു:

1 പണം കൈപ്പറ്റിയ വ്യക്തി ലൈറ്റ് ആന്റ് സൗണ്ട് സ്ഥാപനത്തിനു വേണ്ടിയാണോ തുക വാങ്ങിയത് എന്നു വ്യക്തമല്ല.

2 325 കസേര ഉൾപ്പെടെ വിവിധ വാടക ഇനങ്ങളുടെ ബില്ലിൽ സുമാർ പകുതി തുകയാണ് നൽകിയിട്ടുള്ളത്. ബില്ലിൽ ചേർത്തിട്ടുള്ള മുഴുവൻ സാധനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ടോയെന്ന് ഇതിനാൽ വ്യക്തമല്ല.

കലോത്സവത്തിൽ എത്ര പേർ പങ്കെടുത്തെന്നോ എന്നാണ് നടന്നതെന്നോ ഉള്ള മറ്റു വിശദാംശങ്ങളൊന്നും ഫയലിൽ വ്യക്തമല്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/7.10.24) ലഭ്യമാക്കിയ മറുപടിയിൽ 370 പേർ പങ്കെടുത്തുവെന്നും, വാടക സാധനങ്ങൾ നൽകിയ സ്ഥാപനത്തിന്റെ ഉടമക്ക് തന്നെയാണ് നൽകിയതെന്നും കൈപ്പറ്റ് രസീത് ഹാജരാക്കാമെന്നുമാണ് പറഞ്ഞിരിക്കുന്നത്. കലോൽസവത്തിന്റെ റിപ്പോർട്ട്, ഹാജർ, മറ്റ് വിശദാംശങ്ങൾ എന്നിവ മറുപടിക്കൊപ്പവും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദാംശങ്ങളും വ്യക്തമായ മറുപടിയും രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ. നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം വിവിധ സാമ്പത്തിക വർഷങ്ങളിൽ കരാർ ഉടമ്പടി വെച്ച് ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയിട്ടും ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെൻറ് വെച്ച തീയതി | ഗ്രാമ പഞ്ചായത്ത് | അർഹമായ ധനസഹായം | നാളിതു വരെ കൈപ്പറ്റിയ തുക | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ചന്ദ്രി താഴെ | 04/07/23 | ഒഞ്ചിയം | 400000 | 50000(5/12/23)<br>50000(15/06/24) | ബേസ്മെന്റ് |
| 2 | നാരായണി മേപ്പറമ്പത്ത് | 14/11/23 | “ | 400000 | 40000(12/01/24)<br>50000(15/06/24) | ബേസ്മെന്റ് |
| 3 | രാജി വേലിക്കകത്ത് | 23/12/23 | “ | 400000 | 50000(18/10/23)<br>100000(26/03/24)<br>50000(14/06/24)<br>50000(15/06/24) | ലിന്റൽ |

| | | | | | | |
|---|---|---|---|---|---|---|
| 4 | അരുൺ ഉത്താലിച്ചീവിന്റവിട | 04/02/23 | " | 400000 | 50000(18/08/23)<br>50000(14/06/24)<br>50000(15/06/24) | ലിന്റൽ |
| 5 | സുനിൽ പോന്തയിൽ | 04/07/23 | " | 400000 | 50000(21/08/23)<br>126904(14/06/24)<br>50000(15/06/24) | ലിന്റൽ |
| 6 | ഷാജി മിനി | 29/02/23 | " | 400000 | 50000(15/103/23)<br>75000(17.05.23)<br>75000(14/06/24) | ലിന്റൽ |
| 7 | റോജ വൈശാഖ് | 08/10/23 | " | 400000 | 50000(18/10/23)<br>50000(15/06/24)<br>100000(14/06/24)<br>100000(29/07/24)<br>50000(02/09/24) | റൂഫ് |
| 8 | രജിത സി.പി. | 07/10/23 | " | 400000 | 50000(18/10/23)<br>100000(26/03/24)<br>50000(15/06/54) | റൂഫ് |
| 9 | ദിനേശൻ സജില | 04/07/23 | " | 400000 | 50000(21/08/23)<br>50000(18/10/23)<br>100000(14/06/24)<br>100000(29/07/24) | റൂഫ് |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം. 34/2018/ ത.സ്വ.ഭ.വ, തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-28 അങ്കണവാടി കുട്ടികൾക്ക് കളിക്കോപ്പുകൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ രീതി

അവലംബിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | - | 131/2023-24 , അങ്കണവാടി കുട്ടികൾക്ക് കളിക്കോപ്പുകൾ |
| അടങ്കൽ | | 3,00,000/-(2,80,000/- (മെയിന്റനൻസ് ഗ്രാന്റ്-(നോൺ റോഡ്) + 20,000/- (തനതു ഫണ്ട്) |
| ചെലവ് | | 800/- (2023-24) |
| | | 2,80,000/-(2024-25) |
| വൗച്ചർ നമ്പർ | | 22301151/31.03.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രോജക്ട് പ്രകാരം രണ്ട് തവണ ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ ലഭിച്ച ഏക ടെണ്ടറായ 'അലി സ്റ്റോർ' എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. ആയതു പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുകയുമുണ്ടായി. 2,80,000/ രൂപയുടെ ഇൻവോയിസ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കു ലഭ്യമാക്കുകയും ചെയ്തു.

ജി.ഒ.(പി) നം. 7/19/ എസ്.പി.ഡി, 25.04.2019 പ്രകാരം 25,000/- രൂപക്കു മുകളിലെ സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ പ്രോജക്ട് നമ്പർ 142/24 – അങ്കണവാടികൾക്ക് പാത്രങ്ങൾ വാങ്ങൽ (അടങ്കൽ - 1,50,000, ചെലവ് – 1,49,040/-) എന്ന പ്രോജക്ടിന്റെ വാങ്ങൽ നടപടികളും GeM Portal വഴി നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/7.10.2024) ലഭ്യമാക്കിയ മറുപടിയിൽ കളിപ്പാട്ടത്തിന്റെ വലിപ്പം, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനും, വിവിധ പാത്രങ്ങൾ വാങ്ങുന്നതിന് ശരിയായ സ്പെസിഫിക്കേഷൻ ഉറപ്പാക്കുന്നതിനുമാണ് ടെണ്ടർ നടപടി സ്വീകരിച്ചത് എന്നാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് വാങ്ങലുകൾ നടത്തുന്ന നടപടി ഒഴിവാക്കേണ്ടതും, ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ് .

1-29 ഭിന്നശേഷി സ്കോളർഷിപ്പ് - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ

പ്രോജക്ട് നമ്പർ : 92/2023-24 , ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ : 1896000/- (1232000(പ്ലാൻ ഫണ്ട്) +498000 (ബ്ലോക്ക്പഞ്ചായത്ത്)+ 166000 (ജില്ലാപഞ്ചായത്ത്)

ചെലവ് : 1616000/- (1100000 (പ്ലാൻ ഫണ്ട്) +350000 (ബ്ലോക്ക്പഞ്ചായത്ത്) + 166000 (ജില്ലാപഞ്ചായത്ത്) .

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ ചേർത്ത പ്രകാരം 2023-24 ൽ MR വിഭാഗം ഉൾപ്പെടെയുള്ള കുട്ടികൾ പഠിക്കുന്ന ക്ലാസ്സിന്റെ/ അംഗപരിമിതിയുടെ രേഖകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനാണ് പ്രോജക്ട് .

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) സ.ഉ (കൈ) നം.115/2022/തസ്വ.ഭവ തീയതി 28.05.22 പദ്ധതി മാർഗ്ഗരേഖ പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കും അനുവദിക്കേണ്ട സ്കോളർഷിപ്പ് നിരക്കുകൾ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കേണ്ട വാർഷികബത്ത ആർക്കും തന്നെ

അനുവദിച്ചതായി കാണുന്നില്ല.

ഉദാ. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ ഡേ സ്കോളർക്ക് വാർഷിക നിരക്ക് പ്രകാരം 4800+500 രൂപ വാർഷിക ബത്ത അനുവദിക്കാവുന്നതാണെങ്കിലും ആയത് അനുവദിച്ചിട്ടില്ല. അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

2 പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കേണ്ടത്. എന്നാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രം പ്രകാരം കുട്ടി ഏതു വർഷം പ്രസ്തുത ക്ലാസിൽ പഠിച്ചുവെന്നത് വ്യക്തമല്ല. ഉദാഹരണം താഴെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ് | സ്ഥാപന മേധാവിയുടെ വിവരം |
|---|---|---|
| ANU GOVIND | 6 | HM KOLLAMALA ,UPS,Chombala. |
| ATHUL P | 8 | HM GOVT HSS |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/7.10.2024) ലഭ്യമാക്കിയ മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിക്കേണ്ടതിൽ വന്ന കുറവും തനത് ഫണ്ട് വകയിരുത്താത്തതിനാലുമാണ് വാർഷികബത്ത അനുവദിക്കാത്തത് എന്നാണ് അറിയിച്ചത്. സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റിൽ വന്ന അപാകത ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നും യഥാർത്ഥത്തിലുള്ള ക്ലാസിൽ തന്നെയാണ് പഠിക്കുന്നത് എന്നുമാണ് മറുപടിയിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖ ലഭ്യമാക്കിയിട്ടില്ല.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മുടക്കം കൂടാതെ അതാതു മാസം തുക നൽകുന്നതിന് മുൻഗണന നൽകേണ്ടതുണ്ട്. കൂടാതെ പ്ലാൻ ഫണ്ട് മുഴുവൻ ചെലവ് ചെയ്തിട്ടും തുക നൽകാൻ അവശേഷിക്കുന്ന അടിയന്തിര ഘട്ടത്തിൽ, പ്രസ്തുത വിഭാഗക്കാർക്ക് പ്രധാന പരിഗണന നല്കേണ്ടതിനാലും തനത് ഫണ്ട് വകയിരുത്തിയോ മറ്റ് ഉചിതമായ മാർഗ്ഗത്തിലൂടെയോ തുക നൽകുന്നത് ഭരണസമിതിക്ക് പരിഗണിക്കാവുന്നതാണ്.

1-30 ജീവതാളം - പ്രോജക്ട് നിർവഹണം അപാകതകൾ .

പ്രൊജക്ടിന്റെ പേര് : ജീവതാളം,

പ്രൊജക്ട് നമ്പർ : 100/24 .

അടങ്കൽ : 200000/- (തനത്ഫണ്ട്)

ചെലവ് : 18840/-

രോഗനിർണ്ണയം, ബോധവൽക്കരണം, ഉപകരണങ്ങൾ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് പ്രൊജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പ്രകാരം 2023-24 ൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ താഴെ ചേർക്കുന്നു .

| | |
|---|---|
| പഞ്ചായത്ത് യോഗം | 5000 |
| വാർഡ് യോഗം | 25000 |
| സ്ക്രീനിംഗ് ക്യാമ്പുകൾ, പരിശോധന | 78000 |
| ഉപകരണങ്ങൾ | 52000 |
| ബുക്ക് പ്രിന്റിംഗ് | 5000 |
| നോട്ടീസ് | 20000 |
| ബിറ്റ് നോട്ടീസ് | 15000 |

| | |
|---|---|
| ആകെ | 200000/- |

മേൽപ്പറഞ്ഞ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ മെഡിക്കൽ സർജിക്കൽ സാധനങ്ങളായ ഏതാനും ഇനങ്ങൾ 'ശ്രീരാജ് സർജിക്കൽ' സിൽ നിന്നും വാങ്ങിയതിന്റെ ചെലവിന്റെ ഇൻവോയ്സ് മാത്രമാണ് ഫയലിൽ ഉള്ളത്. പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരമുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ സാമ്പത്തിക വർഷം നടത്തിയിട്ടില്ല. പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/7.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ച് രേഖകൾ സഹിതം വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 പി.വി.സി വാട്ടർ ടാങ്ക് വിതരണം, ജി.എസ്.ടി കുറവ് ചെയ്തില്ല

പ്രോജക്ട് നമ്പർ – 250/24.

പ്രോജക്ട് : മത്സ്യത്തൊഴിലാളികൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം .

അടങ്കൽ : 380000/-

ചെലവ് : 276592/-

ബിൽ നം, തീയതി : 23170352008201532523/24.3.23

മേൽ പദ്ധതി പ്രകാരം 107 വാട്ടർ ടാങ്കുകൾ 3,450/- രൂപ നിരക്കിൽ ടെൻഡർ നടപടികളിലൂടെ ഓഡിറ്റ് വർഷം വാങ്ങുകയുണ്ടായി. വാട്ടർടാങ്കിന്റെ വിലയുടെ 25% ഗുണഭോക്തൃവിഹിതമാണ്. ആയതിൽ 89 ടാങ്കുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ .ശേഷിക്കുന്ന ടാങ്കുകൾ പഞ്ചായത്തിന്റെ അനുബന്ധ കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ് . സർക്കാറിന്റെ GeM പോർട്ടൽ വഴി സാധനങ്ങൾ വാങ്ങാതിരുന്നതിന്റെ കാരണവും വ്യക്തമല്ല. കൂടാതെ ടെൻഡർ മുഖേന തെരഞ്ഞെടുത്ത് ടാങ്ക് വിതരണം ചെയ്ത സ്ഥാപനത്തിന് 2,76,592/- രൂപ വികസന ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഒരു വർഷം ഒരു സ്ഥാപനത്തിൽനിന്നും രണ്ടു ലക്ഷത്തി അമ്പതിനായിരത്തിനു മുകളിൽ വാങ്ങുന്ന പർച്ചേസുകൾക്ക് രണ്ട് ശതമാനം ജി.എസ്.ടി കിഴിവ് ചെയ്ത് മാത്രമേ നിയമപ്രകാരം തുക അനുവദിക്കാവൂ. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/7.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന 18 വാട്ടർ ടാങ്കുകളുടെ വിലയായ (3450x18) 62,100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാട്ടർ ടാങ്കുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. സ്ഥാപനത്തിന് നൽകാനവശേഷിക്കുന്ന തുകയിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കേണ്ടതും മറ്റ് അപാകതൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-32 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പ്രോജക്ട് പൂർത്തിയായിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ . |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| പ്രോജക്ടിന്റെ നം | 22/24 |
| അടങ്കൽ തുക / ഫണ്ട് | 1,40,875/- രൂപ, [മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)] + 9125/-(തനത്ഫണ്ട്)= 150000 |
| ചെലവ് തുക | 1,50,000/-രൂപ |
| വൗച്ചർ നമ്പർ | 22300446/24.09.23 |

2023-24 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രോജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ 1,50,000/-രൂപയുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ഇൻവോയിസ് നം.LF 2915/12.2.2024 പ്രകാരം 79,224/- രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനക്കായി

ലഭ്യമാക്കിയത്. ശേഷിക്കുന്ന 70,776/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-33 അങ്കണവാടി , പോഷകാഹാര വിതരണം സംബന്ധിച്ച്.

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 91/24

പ്രൊജക്ട് : അങ്കണവാടി പോഷകാഹാരം

2023-24 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ ഭാഗമായി എടച്ചേരിയിലെ 'നോബിൾ ഫുഡ് പ്രോഡക്ട്സ് എന്ന നിർമ്മാണ യൂണിറ്റിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി പഞ്ചായത്തിലെ അങ്കണവാടികൾ മുഖേന അതാതു അങ്കണവാടി പരിധിയിലുള്ള മൂന്നു വയസ്സുവരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/7.10.24 ന് ലഭിച്ച മറുപടിക്കൊപ്പം 25.9.23 ന്റെ സാമ്പിളിന്റെ റിപ്പോർട്ട് മാത്രമാണ് ലഭ്യമാക്കിയത്. ഫുഡ് ടെസ്റ്റ് ലാബുകളിൽ നിശ്ചിത കാലയളവിൽ പരിശോധനയ്ക്ക് വിധേയമാക്കിയ ലാബ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-34 സാക്ഷരത തുല്യതാ പഠനം - പദ്ധതി നിർവ്വഹണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നം. | 249/24. |
| ഫണ്ട് | വികസനഫണ്ട്. |
| അടങ്കൽ | 58500/- |
| ചെലവ് | 56750/- |
| ബിൽ നമ്പർ, തീയതി | 14401171126/3.2.24 |

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 10-ാം തരം, ഹയർസെക്കന്ററി കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ കോഴ്സ്, പരീക്ഷ പൂർത്തിയായതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 56,750/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക അടവാക്കിയതിന്റെ വിനിയോഗവിവരവും രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പഠനം പൂർത്തിയാക്കി പരീക്ഷക്ക് ഹാജരാകുന്നതിന്റെയും രേഖകളും പഠനം പൂർത്തിയാകുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 പ്രതിഭാപോഷണം - പ്രോജക്ട് നിർവഹണം സംബന്ധിച്ച്

പ്രോജക്ട് നമ്പർ : 16/24.

അടങ്കൽ : 50000/-(തനത് ഫണ്ട് )

ചെലവ് : 15000 /-

നിർവ്വഹണഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ.

പ്രതിഭാ പോഷണം പ്രോജക്ടിന് ക്ലാസെടുത്ത പരിശീലകർക്ക് പ്രതിഫലം നൽകിയത് ശ്രീ കിരൺ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ക്ലാസ്സ് എടുത്ത ശ്രീ.സന്തോഷ്, രഞ്ജിത് മാസ്റ്റർ, ബിന്ദു, മനോജ്, അനുപ്രിയ, തങ്കമണി തുടങ്ങിയവരുടെ രസീത് ഉണ്ടെങ്കിലും തുക കൈമാറിയിട്ടുള്ളത് ശ്രീ കിരൺ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ക്ലാസ് എടുത്തവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് കൈമാറാതെ മറ്റൊരു വ്യക്തിയുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയത് ശരിയായ നടപടിക്രമമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം4/7.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 നീന്തൽപരിശീലനം - വിശദ വിവരങ്ങൾ ഇല്ല.

പ്രോജക്ട് നമ്പർ : 18/24

അടങ്കൽ : 100000/- (തനത്ഫണ്ട്)

ചെലവ് : 30000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

വൗച്ചർ നമ്പർ :22300433, തീയതി : 20.09.2023

കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്നതിനായാണ് പ്രോജക്ട്. നീന്തൽ പരിശീലനം 2023 ഡിസംബർ 23 മുതൽ 29 വരെ ഏഴ് ദിവസം പഞ്ചായത്തിലെ പ്രൈമറി വിദ്യാർത്ഥികൾക്ക് റാണി പബ്ലിക് സ്കൂളിൽ വച്ച് നടത്തിയതായി 5.1.9.24 ന് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 4.1.24 ന് സെക്രട്ടറിക്ക് അയച്ച മറ്റൊരു കത്തിൽ 2023 ഡിസംബർ 24 മുതൽ 31 വരെ എട്ടു ദിവസം പരിശീലനം നടത്തിയതായും പറയുന്നുണ്ട് . ആദ്യ കത്തിൽ 40 കുട്ടികൾക്കും രണ്ടാമത്തെ കത്തിൽ 46 കുട്ടികൾക്കും റാണി പബ്ലിക് സ്കൂളിൽ വച്ച് പരിശീലനം നടത്തിയതായി പറയുന്നു. എന്നാൽ നീന്തൽ പരിശീലനം നൽകിയ കുട്ടികളുടെ പേര് വിവരങ്ങൾ, ഹാജർ, പരിശീലനം നടത്തിയ ദിവസം തുടങ്ങിയതിന്റെയും തുക കൈമാറിയതിന്റെയും വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5/7.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നീന്തൽ പരിശീലനം നൽകിയ കുട്ടികളുടെ പേര് വിവരങ്ങൾ, കുട്ടികളുടെ ഹാജർ വിവരം, പരിശീലനം നടത്തിയ ദിവസം തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 സോഫ്റ്റ്‌വെയർ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്

IKM ഗ്രാമപഞ്ചായത്തിൽ വിന്യസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറിലെ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാരണം ഓഡിറ്റ് പരിശോധനയ്ക്ക് പ്രയാസങ്ങൾ നേരിടുന്നുണ്ട്.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി ചെലവുകളിൽ വെബ് സാംഖ്യയിൽ തനത്ഫണ്ട് പേയ്മെന്റായി ചെയ്യുന്ന ചെലവുകളൊഴികെ മുഴുവൻ പ്ലാൻ വൗച്ചറുകളും ഐ.കെ.എം വെബ് അധിഷ്ഠിതമായാണ് അപ്ഡേറ്റ് ചെയ്യുന്നത്. ആയതിനാൽ പദ്ധതി ചെലവുകൾ യഥാസമയം വാർഷിക കണക്കിൽ ചേർക്കാൻ കഴിയുന്നില്ല. സാമ്പത്തിക വർഷം അവസാനിച്ച് തുടർമാസങ്ങളിലാണ് സോഫ്റ്റ്‌വെയറിൽ ഇത് അപ്ഡേറ്റ് ചെയ്യുന്നത്. ഐ.കെ.എം അപ്ഡേറ്റ് ചെയ്യുന്ന പ്ലാൻ വൗച്ചറുകൾ ജനറേറ്റ് ചെയ്യുന്ന പ്രവൃത്തി മാത്രമേ ഗ്രാമപഞ്ചായത്ത് ചെയ്യുന്നുള്ളൂ

2. ACR ൽ കൃത്യമായ ചെലവ് പ്രതിഫലിക്കുന്നില്ല. സെക്രട്ടറി ചെലവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ ACR ൽ ചെലവായി കാണിക്കുകയും ഏതെങ്കിലും സാഹചര്യത്തിൽ ബിൽ പാസാകാതിരിക്കുമ്പോൾ ഈ തുക ACR ൽ ചെലവായിതന്നെ തുടരുകയും ചെയ്യുന്നുണ്ട്. ബിൽ പാസ്സാകാത്ത സാഹചര്യത്തിൽ ACR ൽ അത് പ്രതിഫലിക്കത്തക്കവിധം സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തേണ്ടതാണ്.

3. ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്ന് പദ്ധതികൾക്കായി തുകകൾ ചെലവഴിക്കുന്നുണ്ട്. വകയിരുത്തിയിട്ടുള്ള തുകകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ വകയിരുത്തലുകളായി കാണിക്കാതെ ആകെ അടങ്കൽ, ചെലവ് എന്നീ കോളത്തിൽ മാത്രമാണ് കാണിച്ചിട്ടുള്ളത്.

4.ഗുണഭോക്താക്കൾ ഓൺലൈനായി അടവാക്കുന്ന തുകകൾ സമയബന്ധിതമായി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റാകുന്നില്ല. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ ഓൺലൈൻ ആയി അടവാക്കുന്ന വിവിധ ഫീസുകളും നികുതികളും അത് അടവാക്കുന്ന സമയത്ത് തന്നെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നില്ല.

5. വികസന ഫണ്ട് സോഴ്സിൽ നിന്ന് ചെലവ് തുക കുറവ് വരുത്തുന്നതിനുള്ള പദ്ധതികളിൽ ഐ.കെ.എം ചെലവ് പത്രികയിൽ വകയിരുത്തൽ തുക കാണിക്കാതെ ചെലവ് തുക മാത്രം കാണിക്കുന്നു.

6. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള 79/24, 109/24, 84/24, 101/24 എന്നീ പദ്ധതികൾ നടപ്പിലായിട്ടില്ല. എന്നാൽ ഐ.കെ.എം ചെലവ് പത്രികയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെട്ട പേജിലും എ.സി.ആറിലും പദ്ധതികൾക്ക് തുക ചെലവഴിച്ചതായി കാണിക്കുന്നുണ്ട്. ഐകെഎം ചെലവ് സ്റ്റേറ്റ്മെന്റിൽ അവസാന പേജിൽ ആകെ ചെലവ് എന്ന കോളത്തിൽ ഈ പദ്ധതികളുടെ ചെലവ് തുക കുറച്ചിട്ടുള്ള ചെലവ് തുകയാണ് ചേർത്തിട്ടുള്ളത്.

ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് മേൽ അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/*23-24 തിയ്യതി 7-10*-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-38 ഇല്ലാത്ത ലോണിന് തിരിച്ചടവിനത്തിൽ തുക ഈടാക്കുന്നു

2022-23 വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് B-5 സ്റ്റേറ്റ്മെന്റിൽ ഹഡ്കോയിൽനിന്ന് KURDFC മുഖേന എടുത്ത ലോൺ ബാധ്യത തുക തിരിച്ചടക്കാനവശേഷിക്കുന്നില്ല. 2023-24 വർഷത്തിലും വായ്പ എടുത്തിട്ടില്ല . എന്നാൽ വികസനഫണ്ട് ജനറൽ സ്രോതസ്സിൽ നിന്ന് വായ്പാ തിരിച്ചടവായി മൂന്ന് പദ്ധതികളിലൂടെ 2,09,246/- രൂപയും എസ്.സി.പി ഫണ്ടിൽ നിന്ന് മൂന്ന് പദ്ധതികളിലൂടെ 1,11,598/- രൂപയും ഈടാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ ബാധ്യത ഇല്ലാഞ്ഞിട്ടും വിവിധ വികസന കാര്യങ്ങൾക്ക് വിനിയോഗിക്കേണ്ട വികസന ഫണ്ടാണ് ലോൺ ഇനത്തിലേക്ക് ഈടാക്കിയത് .

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വിഹിതത്തിൽ നിന്നും ഇപ്രകാരം തെറ്റായി തുക കുറവ് ചെയ്തത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 28.10.23 ന്, Sc2- 3250/22 നമ്പറായി തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്കയച്ച കത്തിന് മറുപടിയായി, ഓരോ ഉത്തരവ് പ്രകാരവും എത്ര രൂപ വീതമാണ് പ്ലാൻ ജനറൽ, എസ്.സി.പി ഫണ്ടുകളിൽ നിന്നും കുറവ് ചെയ്തിരിക്കുന്നത് എന്നത് വേർതിരിച്ച് വ്യക്തമാക്കിയിട്ടില്ല എന്നും തെറ്റായി കുറവ് ചെയ്ത തുകകൾ റീ അലോക്കേറ്റ് ചെയ്ത് ലഭിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് സഹിതം നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ തുടർ നടപടികളും ഫണ്ട് ലഭിച്ചതിന്റെ വിശദാംശങ്ങളും അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/23-24 തിയ്യതി 7-10-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളും അപാകത പരിഹരിച്ച് ഫണ്ട് തിരികെ ലഭ്യമാക്കിയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

## 1-39 കരാറുകാർ നിർമ്മാണ പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് - എടുക്കുന്നില്ല

നിർമ്മാണ പ്രവൃത്തികളുടെ ബിഡ് ഡോക്യുമെന്റ് ഖണ്ഡിക 12 പ്രകാരം കരാറുകാർ പ്രവൃത്തി ആരംഭിച്ച തിയ്യതി മുതൽ പൂർത്തീകരണ തിയ്യതി വരെയും, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ് വരെയും ഉള്ള രണ്ടു ഭാഗങ്ങളിലായുള്ള ഇൻഷ്വറൻസ് കവറേജ് പ്രവൃത്തികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ പോളിസികളുടേയും ഒറിജിനൽ കരാറുകാരൻ എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. ഇത്തരത്തിലെടുക്കുന്ന ഇൻഷ്വറൻസിന്റെ കവറേജ് കരാർ തുകയുടെ 0.5% ആയിരിക്കേണ്ടതും (മിനിമം 2,00,000/-), ഇൻഷ്വറൻസ് വിശദാംശം പ്രവൃത്തി ആരംഭിച്ച് 15 ദിവസങ്ങൾക്കുള്ളിൽ സമർപ്പിക്കേണ്ടതുമാണെന്ന് പ്രവൃത്തി ഏൽപ്പിച്ചു കൊണ്ടുള്ള "ലെറ്റർ ഓഫ് ആക്സപ്റ്റൻസ്" ൽ ക്രമ നമ്പർ 6 ആയി വിവരിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം 83 പ്രവൃത്തികൾ ഉള്ളതിൽ 12 പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. മറ്റ് പ്രവൃത്തികൾ ഇൻഷ്വർ ചെയ്ത് പോളിസി ഹാജരാക്കിയിട്ടില്ല. പോളിസി ഇല്ലാത്തതിനാൽ കരാർ തുകയുടെ 0.2% രൂപ ബില്ലിൽ നിന്നും ഫൈൻ ആയി കുറവു വരുത്തേണ്ടതുണ്ട്

ആയതും ചെയ്യതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.33/23-24 തിയ്യതി 7-10-24) ഇൻഷൂറൻസ് രേഖകൾ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇൻഷൂറൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-40 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 17 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 31660 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 7065 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 460 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 34 |

2) ഹരിത കർമ്മസേന

ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന 2018 ജൂലൈ മാസം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 2020 ൽ ഹരിതകർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്യുകയും (രജിസ്ട്രേഷൻ നം. KZ/51/15/07 തീയതി 03/11/2020 )ചെയ്തിട്ടുണ്ട്.

നിലവിൽ 34 പേരടങ്ങുന്ന ഹരിത കർമ്മസേനയിലെ 2 അംഗങ്ങൾ വീതം 17 വാർഡിൽ നിന്നായി

യൂസർഫീ പിരിക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുകയും ചെയ്യുന്നു. ദിവസവേതനമായി ഒരു റസിപ്റ്റിന് 2 പേർക്ക് 20+20 രൂപയും ബാക്കി 10 രൂപ അക്കൗണ്ടിൽ സേവ് ചെയ്യുന്ന രീതിയാണ് നിലവിൽ തുടർന്ന് പോരുന്നത്. സെഗ്രിഗേഷൻ ജോലിയിൽ ഏർപ്പെടുന്നവർക്ക് ദിവസവേതനമായി 300/- രൂപയാണ് ഉറപ്പു നൽകിയിട്ടുള്ളത്. ഹരിത കർമ്മസേനയുടേതായി മറ്റ് സംരംഭങ്ങളൊന്നും ഇതുവരെ ആരംഭിച്ചിട്ടില്ല.

2023-24 ൽ റിജക്ടഡ് വേസ്റ്റ് കയ്യൊഴിയുന്നതിന് 3,00,000/-രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്റ്റ് | ചെലവഴിച്ച തുക |
|---|---|---|
| 1 | 97/23-24, റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 2,93,495 |
| ആകെ | | 2,93,495 |

ഈ കാലയളവിൽ ഹരിതകർമ്മസേന പിരിച്ചെടുത്ത യൂസർഫീയും, ഹരിതകർമ്മസേനയുടെ ചെലവുകളും താഴെ ചേർക്കുന്നു.

| | |
|---|---|
| പിരിച്ചെടുത്ത് യൂസർ ഫീ | 28,22,253/- |
| സെഗ്രിഗേറ്റ് ചെയ്ത വേസ്റ്റിൽ നിന്നുള്ള വരുമാനം | 1,23,000/- |
| മറ്റ് വരവ് | 2,09,000(റിജക്ടഡ് വേസ്റ്റ് ശേഖരിച്ചതിന് ലഭിച്ച തുക) |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 25,40,027/- |
| റിജക്റ്റഡ് വേസ്റ്റ് കൈമാറുന്നതിന് | 2,09,000/- |
| കൺസോർഷ്യത്തിന് നൽകിയ തുക | 2,82,226/- |

മേൽ കാലയളവിൽ ശേഖരിച്ച സെഗ്രിഗേറ്റ് ചെയ്ത മാലിന്യത്തിന്റെ വരുമാനം 1,23,000/-(ഇക്കോ ഗാർഡ് ഗ്രീൻ വേംസ്സൊണ്ടേഷൻ) രൂപ ഹരിതകർമ്മസേനയുടെ അക്കൗണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്.

4) നിലവിലെ അവസ്ഥ

സർക്കാർ സർക്കുലർ തീയതി 29/07/2020 ലെ LSGD DC1/282/2020 മാർഗ്ഗരേഖക്ക് അനുസൃതമായി 20/12/2023 ലെ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും ആമ്പിൾ ക്രിയേഷൻ പറമ്പിൽ ബസാർ രണ്ടാം കക്ഷിയായും 20/12/2023 ൽ കരാറിലേർപ്പെട്ടിണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ മാലിന്യശേഖരണവും കയ്യൊഴിയലും നടന്നു കൊണ്ടിരിക്കുന്നത്. കരാർ പ്രകാരം ഹരിത കർമ്മ സേനയുടെ പ്രവർത്തനം ഉറപ്പാക്കൽ, എം സി.എഫ്./ ആർ.ആർ.എഫ്. എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വപരമായ പങ്ക് എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കേണ്ടതാണ്. എം.സി.എഫ്/ആർ.ആർ.എഫ് കൾ സ്ഥാപിക്കുന്നതിന് ആവശ്യമായ താത്കാലികമായതോ സ്ഥിരമായതോ ആയ കെട്ടിട സൗകര്യം ഇതിലേക്ക് ആവശ്യമായ വൈദ്യുതി, വെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ സർക്കാർ സർക്കുലർ തീയതി 29/07/2020 ലെ LSGD DC1/282/2020 മാർഗ്ഗരേഖക്ക് അനുസൃതമായി 19/09/2022 ലെ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒന്നാം കക്ഷിയായും ഗ്രീൻവേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപന മാനേജർ രണ്ടാം കക്ഷിയായും അജൈവ പാഴ് വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നതിന് 19/09/2022 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം പുന:ചംക്രമണ സാധ്യതയില്ലാത്ത മുഴുവൻ അജൈവ മാലിന്യങ്ങളും കിലോഗ്രാമിന് 12/- രൂപ നിരക്കിൽ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുകയും കിലോഗ്രാമിന് 6/- രൂപ നിരക്കിൽ ഗ്രീൻ വേംസിന് കൈമാറുകയുമാണ് ചെയ്യുന്നത്.

2023-24 ഹരിതകർമ്മസേനയ്ക്ക് യൂണിഫോം, സുരക്ഷാ ഉപകരണങ്ങൾ മുതലായവ ലഭ്യമാക്കുന്നതിന് 65,000/- രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രത്യേക പദ്ധതിയായി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും തുക നൽകാൻ സാധിച്ചിട്ടില്ലെന്നറിയിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനക്ക് നിലവിൽ താഴെ പറയും പ്രകാരം 2 ബാങ്ക് അക്കൗണ്ടാണ് ഉള്ളത്

| ക്രമ നം. | അക്കൗണ്ട് നം | ബാങ്ക് | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 40136101069417 | KGB നാദാപുരം റോഡ് | 441448 (31.03.2024 തീയതിയിൽ) |
| 2 | 102020003345 | OSC ബാങ്ക് ഒഞ്ചിയം | 2024 ഏപ്രിൽ മാസത്തിൽ ആരംഭിച്ചു. |

5) മാലിന്യ ശേഖരണ കാര്യക്ഷമത

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2024 മാർച്ചിൽ ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 6380 വീടുകളും 409 മറ്റ് കെട്ടിടങ്ങളുമാണ് ഉള്ളത്. യൂസർഫീ നൽകുവാൻ കഴിവില്ലാത്ത 78 അതിദരിദ്ര കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. മേൽ ഫീ ഗ്രാമപഞ്ചായത്ത് 2023-24 പ്രത്യക പദ്ധതിയായി (209/2023-24)51000/- വകയിരുത്തി 17700/- രൂപ അടവാക്കിയിട്ടുണ്ട്.

2023/2024 മാർച്ച് മാസങ്ങളിൽ യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|
| വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 5208 | 168 | 6850 | 425 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |
| 252045 | 16800 | 342500 | 42500 |
| പിരിവ് ശതമാനം | | | |
| 73 | 36% | 96% | 92% |

ഗ്രാമപഞ്ചായത്തിലെ യൂസർഫീ പിരിവും മാലിന്യ ശേഖരണവും കാര്യക്ഷമമായി നടക്കുന്നുണ്ടെന്നാണ് മേൽ കണക്കുകൾ പ്രകാരം ബോധ്യമാകുന്നത്. ക്യൂ.ആർ കോഡ് പതിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | കെട്ടിടങ്ങൾ |
|---|---|
| 7605 | 460 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർഫീ പിരിച്ചെടുക്കാവുന്ന 409 വാസേതര കെട്ടിടങ്ങളാണ് ഉള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കണക്കുകൾ പ്രകാരം ഈ ഗണത്തിൽപ്പെട്ട 460 കെട്ടിടങ്ങൾക്ക് ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ട്. യൂസർ ഫീ പിരിച്ചെടുക്കാൻ സാധ്യതയില്ലാത്ത 51 കെട്ടിടങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ 90% ഉറവിടത്തിൽ വച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്.

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി ശുചിത്വ പദ്ധതിയെ കുറിച്ച് ഗ്രാമസഭകളിലൂടെയും മറ്റ് പൊതുപരിപാടികളിലൂടെയും ജനങ്ങളെ ബോധവത്കരിക്കുന്നതായി വി.ഇ.ഒ അറിയിച്ചു. എന്നാൽ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തതിന് ഒഞ്ചിയം പഞ്ചായത്തിൽ 2023-24 ൽ വിവിധ വ്യക്തികളിൽ നിന്നായി 94,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും പ്ലാസ്റ്റിക് കത്തിക്കുകയും ചെയ്യുന്ന പ്രവണതയ്ക്കെതിരെ ക്രിയാത്മകവും നൂതനവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

8) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

ഗ്രാമപഞ്ചായത്തിൽ നിലവിൽ 1 മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി യും 5 മിനി എം.സി.എഫ് ഉം ആണ് നിലവിലുള്ളത്. എം.സി.എഫ് ഒഞ്ചിയം വാർഡ്-07 ലും മിനി എം.സി.എഫുകൾ കണ്ണുവയൽ (വാർഡ്-15), മടപ്പള്ളി (വാർഡ്-13), വാഗ്ഭടാനന്ദ പാർക്ക് (വാർഡ്-10), വെള്ളിക്കുളങ്ങര (വാർഡ്-08), ഒഞ്ചിയം പാലം (വാർഡ്-05) എന്നീ വാർഡുകളിലുമായി സ്ഥിതി ചെയ്യുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 179/24 (ബെയിലിംഗ് മെഷീൻ ) |
| പദ്ധതി അടങ്കൽ | 5 ലക്ഷം രൂപ (ശുചിത്വമിഷൻ ഗ്രാന്റ്) |
| ചെലവ് | 3,99,430/- |
| ബിൽ നമ്പർ/ തിയ്യതി | 109 /15.9.2023 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം എം.സി.എഫ്. ലേക്ക് ഒരു ബെയിലിംഗ് മെഷീൻ ടെണ്ടർ മുഖേന M/S പെരിയാർ ഹൈഡ്രോളിക് എക്വിപ്മെന്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മെഷീൻ 22.8.2023 ന് ടി സ്ഥാപനം ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ മെഷീൻ എം.സി.എഫ്. ൽ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. സാധനം സപ്ലൈ ചെയ്ത സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വെച്ചിട്ടുണ്ടെങ്കിലും മെഷീന്റെ ഗ്യാരണ്ടി/ വാറണ്ടി സംബന്ധിച്ച നിബന്ധനകളൊന്നും അതിൽ ഉൾപ്പെടുത്തിയിട്ടില്ല.

9)പ്രവർത്തന അവലോകനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. എന്നാൽ ഓരോ മാസവും ശേഖരിച്ച മാലിന്യവും പിരിച്ചെടുത്ത യൂസർ ഫീയും അവലോകനം ചെയ്യുക എന്നതിനപ്പുറം ഹരിത കർമ്മസേന ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള

ചർച്ചകളൊന്നും അവലോകന യോഗങ്ങളിൽ നടന്നു വരുന്നില്ല.

10) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

സുസ്ഥിരമായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനും, ഹരിത കർമ്മസേനയെ ശാക്തീകരിക്കുന്നതിനും സ്വയംപര്യാപ്തമാക്കുന്നതിനുമാവശ്യമായ ഭാവനാപൂർണ്ണവും ക്രിയാത്മകവുമായ നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് നടപ്പാക്കുന്നില്ല എന്നാണ് മേൽ വസ്തുതകളിൽ നിന്ന് മനസ്സിലാവുന്നത്. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുക എന്നുള്ളത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1) വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 6 അനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.

അപാകതകൾ പരിഹരിക്കുന്നതിനും, ശുചിത്വപരിപാലനം ഉറപ്പാക്കുന്നതിനും, മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് അടിയന്തിരമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും, സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ സ്ഥിരം മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്- നിർമാണം നടന്നു കൊണ്ടിരിക്കുന്നത്) ഗ്രാമപഞ്ചായത്ത് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈകരിച്ച് വമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സി.എഫ് സൗകര്യം എല്ലാം വാർഡുകളിലും ഒരുക്കേണ്ടതാണ്.

2. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് ക്രിയാത്മകമായി നടപ്പാക്കേണ്ടതാണ്.

3. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

4. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായതിലും അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 66/24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

| | |
|---|---|
| വകയിരുത്തിയ തുക | 1,60,000 (എസ്.സി.പി ഫണ്ട്) |
| ചെലവഴിച്ച തുക | 1,10000(2023-24)<br>50000(2024-25 – ക്യൂ ബിൽ ) |
| ബിൽ നംപർ | 131/7-11-23 |

സ.ഉ.കൈ. നമ്പർ 115/2022/ത.സ്വ.ഭ.വ തീയതി 28-05-22 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകൾക്കുള്ള ധനസഹായം എപ്രകാരമാണ് നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ ആകെ 7 വിദ്യാർത്ഥികൾക്ക് ധന സഹായം അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു വിദ്യാർത്ഥിക്ക് മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതായി കണ്ടു. വിശദാംശം ചുവടെ കൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ നിരക്ക് | അനുവദിച്ച ധന സഹായം | അധികം നൽകിയത് |
|---|---|---|---|---|
| അനാമിക.വി | ബി.എസ്.സി നഴ്സിംഗ് | 25,000 | 30,000 | 5,000 |

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിലും കൂടിയ നിരക്കിൽ ധനസഹായം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/23-24 തീയ്യതി 4-10-24) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ടി വിദ്യാർത്ഥി 2024-25 വർഷത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താവാണെന്നും 2024-25 വർഷം സ്കോളർഷിപ്പ് അനുവദിക്കുമ്പോൾ പ്രസ്തുത തുക അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 5,000/- രൂപ തിരികെ ഈടാക്കിയോ ക്രമീകരിച്ചോ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 30.09.2024, 01.10.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് | 2023-24 | 5,00,000 | പുന്നോല അങ്കണവാടിക്ക് | 5,00,000 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | കെട്ടിടം നിർമ്മാണം-വാർഡ് 5 | |
| | 2023-24 | 3,50,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 3,50,000 |
| | 2023-24 | 16,51,801 | ലൈഫ് ഭവന പദ്ധതി ജനറൽ ഫിഷറീസ് | 16,51,801 |
| | 2023-24 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 50,000 |
| | 2023-24 | 1,61,757 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,61,757 |
| | ആകെ | | | 27,13,558 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 1,66,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 1,66,000 |
| | 2023-24 | 16,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ ഫിഷറീസ് | 16,00,000 |
| | 2023-24 | 1,80,000 | വീട് വാസയോഗ്യമാക്കൽ ജനറൽ | 1,80,000 |
| | 2023-24 | 50,000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ | 50,000 |
| | ആകെ | | | 19,96,000 |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ | 23170352007600965141 തീയതി 21/12/2023 | 1,97,975 | 1,97,975 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വാർഡ് 15 എക്സ്റ്റൻഷൻ | 23170352007600965950 തീയതി 21/12/2023 | 1,49,932 | 1,49,932 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| പദ്ധതി | അഡ്വാൻസ് നൽകിയ തുക | ബിൽ നമ്പർ തിയ്യതി | കരാർ |
|---|---|---|---|
| 137/24മാടാക്കര തോട് സംരക്ഷണ ഭിത്തി | 100000 | 549/26.3.24 | 48/23-24/1.3.24 |
| 197/24മാനോളി ഭാഗം കരുവാര ക്കൽ തോട് സൈഡ് സംരക്ഷണ ഭിത്തി നിർമ്മാണം | 119340 | 542/26.3.24 | 51/23-24/11.3.24 |
| 138/24 കരുവാരക്കൽ പുലയം കുന്നത്ത്തോട് സംരക്ഷണ ഭിത്തി നിർമ്മാണം | 95100 | 540/26.3.24 | 47/23-24/1.3.24 |
| 125/24 നാലുകണ്ടത്തിൽ ഡ്രെയിനേജ് | 200000 | 543/26.3.24 | 50/23-24/4.3.24 |
| 136/24 ഒഞ്ചിയം ബാങ്ക് കല്ല്യാണിമുക്ക് തോട് സംരക്ഷണ ഭിത്തി നിർമ്മാണം | 170660 | 541/26.3.24 | 46/23-24/1.3.24 |
| ആകെ | 685100 | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

– ഇല്ല -

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (2023-24 ബാലൻസ് ഷീറ്റ് ബി-12 പ്രകാരം) | 30,00,000 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (2023-24 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം) | 30,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 11,735,130 |
| ആകെ | 1,47,35,130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,47,35,130 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക | സർട്ടിഫിക്കറ്റ് നം. |
|---|---|---|---|
| 1 | ഒഞ്ചിയം കോപ്പറേറ്റീവ് ബാങ്ക് (തീയതി.30.04.2024) | 10,78,542 | 0025438 |
| 2 | ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് ബാങ്ക്(തീയതി.30.04.2024) | 21,56,588 | 0010786 |
| 3 | ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് ബാങ്ക് (തീയതി.18.01.2024) | 15,00,000 | 0017741 |
| 4 | ഒഞ്ചിയം കോ-ഓപ്പറേറ്റീവ് ബാങ്ക് (തീയതി.15.03.2024) | 50,00,000 | 0029426 |
| 5 | കേരള ഗ്രാമീൺ ബാങ്ക് (തീയതി.27.03.2024) | 50,00,000 | 1609986 |
| ആകെ | | 1,47,35,130 | |

## 4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 1(1) | 2004-05 | 11.1.2.4 | ബജറ്റ് തയ്യാറാക്കി അംഗീകരിച്ചില്ല | നിലനിൽക്കുന്നു |
| 2001-02 | | 2004-05 | 11.1.3.46 | നികുതി പിരി വിൽ അലംഭാ | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | വം കുടിശ്ശിക പെരുകുന്നു | |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 5,59,35,237/- |
| ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 7,11,96,746/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,84,864/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 5000/- | ശ്രീമതി.ശ്രീകല വി അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 6,85,100/- | ശ്രീ. ദീപേഷ് കെ. അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ -ചാർജ്ജ് |
| 1-15 | 8,89,548/- | ശ്രീ. ദീപേഷ് കെ. അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് |
| 1-16 | 9,74,009/- | ശ്രീ. ദീപേഷ് കെ. അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് |
| 1-17 | 4,97,103/- | ശ്രീ എം.പി രജ്ജലാൽ, സെക്രട്ടറി |
| 1-25 | 19,478/- | ശ്രീമതി.ഷൈനി ബാലകൃഷ്ണൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-31 | 62,100/- | ശ്രീ. ബാബു ഫിഷറീസ് ഇൻസ്പെക്ടർ |
| 1-32 | 70,776/- | ഡോ. വിഭിഷ ഇ. മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-34 | 56,750/- | ശ്രീ. പ്രമോദ് എം.എൻ, ഹെഡ്മാസ്റ്റർ |
| 1-36 | 30,000/- | ശ്രീ. പ്രമോദ് എം.എൻ, ഹെഡ്മാസ്റ്റർ |
| ആകെ | 32,84,864/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും | ഇപ്പോഴത്തെ(ഓഡിറ്റ് | സ്ഥിരം |
|---|---|---|

| ഉദ്യോഗപ്പേരും | നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ എം.പി രജ്ഞലാൽ,<br>സെക്രട്ടറി | സെക്രട്ടറി<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | ശ്രീനികേതം<br>കീഴൽ(പി.ഒ), വടകര |
| ശ്രീമതി. ശ്രീകല വി<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | സദ്ഗമയ,<br>കണ്ണൂക്കര പി.ഒ,<br>വടകര |
| ശ്രീ. ദീപേഷ് കെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് | ഓവർസിയർ, ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | കുനിയിൽ,<br>ആറാട്ടുതറ(പി.ഒ)<br>മൈത്രി<br>നഗർ,മാനന്തവാടി |
| ശ്രീ. ബാബു<br>ഫിഷറീസ് ഇൻസ്പെക്ടർ | ഫിഷറീസ് ഇൻസ്പെക്ടർ,<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | മലയിൽ,<br>പാലയാട് നട(പി.ഒ.)<br>673 521 (പിൻ) |
| ഡോ. വിഭിഷ ഇ.<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ<br>ഓഫീസർ(ഹോമിയോ),<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | കാർത്തിക, പള്ളത്തിൽ,<br>ബേപ്പൂർ പി.ഒ,<br>കോഴിക്കോട് |
| ഷൈനി ബാലകൃഷ്ണൻ<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>ഒഞ്ചിയം ഗ്രാമപഞ്ചായത്ത് | പ്രാർത്ഥന, മുതുകുടം,<br>പട്ടുവം പി.ഒ, കണ്ണൂർ |
| ശ്രീ. പ്രമോദ് എം.എൻ,<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ<br>ഗവ.യു.പി.സ്കൂൾ, ഒഞ്ചിയം | വളപ്പിൽ,<br>ഓർക്കാട്ടേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി.<br>പി.6/1401/2022(5)/11.04.2023 | 1 | 31 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി5/<br>1419/04/05.09.2005 | 11 | 2,6, 2-2 , 2(3), 2(4),<br>2(5), 3(1), 3(2), 4(8),4(9),4(12),4(15) |

| | | | |
|---|---|---|---|
| 2001-02 ഡി.സി.ബി. | എൽ.എഫ്.കെ.കെ.ഡി/എസ്.2/ 1236/2003/23.12.2003 | 2 | 3,4 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(14)/17.04.2023 | 12 | 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-15,3-16, 3-17,4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(15)/17.04.2023 | 2 | 3(3),3(5) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(16)/17.04.2023 | 5 | 2-1,2-3(2) ,3(12), 3(13), 3(14) |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(17)/17.04.2023 | 10 | 3-5,3-12, 3-14, 3-15,3-16, 3-17, 3-18, 3-19,3-21, 3-26 |
| 2012-13, 2013-14 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(18)/17.04.2023 | 9 | 3-3, 3-9, 3-10(3), 3-11, 3-12, 3-14, 3-16,4-1,4-3 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(19)/17.04.2023 | 2 | 2-1, 3-5 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(20)/17.04.2023 | 5 | 2-1, 2-4, 3-1, 3-2, 3-6 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(21)/17.04.2023 | 8 | 2-5(5,6,7), 2-6, 3-1,3-2, 3-4, 3-15 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(22)/17.04.2023 | 17 | 1-10(7), 1-12(3), 1-12(4), 1-12(5), 1-12(7), 1-12(8),3-1, 3-4,3-7, 3-8-1,3-8-3, 3-8-4,3-8-5, 3-11-1, 3-11-2, 3-13,4-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി.6/1401/2022(23)/17.04.2023 | 1 | 1-8 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി6/360/2022/17.3.2022 | 10 | 1-2-1(5), 1-2-1(14),(15),1-11(1), 1-11(2),1-11(3), 1-12(2), 1-12(3), 1-16, 1-18 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി.6/1656/2023/14.11.2023 | 13 | 1-1, 1-2(1,2,4,5,6),1-10,1-11, 1-12,1-13, 1-15,1-16(2), 1-18,1-23, 1-26,1-28,1-30 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി. പി.6/687/2023 /18.05.2023 | 28 | 1-2-1,1-4,1-4-1,1-5,1-9,1-10,1-11, 1-12,1-13,1-14,1-15,1-16,1-17,1-18, 1-19,1-20,1-21,1-22,1-23,1-24, 1-25,1-26,1-27,1-28,1-29, 1-30,1-31,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡി. പി.6/1839/2023 /20.12.2023 | 35 | 1-1-1,1-1-2,1-1-3,1-1-4,1-1-5,1-1-6, 1-1-7,1-4,1-8,1-9,1-10,1-11,1-12,1-13, 1-14,1-15,1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25,1-26, 1-27,1-28,1-29,1-30,1-31,1-32, 4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1/2024 dated 22-05-2024 and submitted on 28-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Onchiyam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Onchiyam Grama Panchayat as on 31-03-2024

Date: 07/11/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Onchiyam Grama Panchayat for the Year 2023-2024 .**

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit : Ratios and Notes

2.Cash flow statement-Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Delay in receipt entry in bank book.

4..No timely demand entry.

5.Ledger account balance does not reconcile with concerned register.

6.E-pay amount not timely credited in account.

7.B-4 balance does not match with B-17 balance.

8.Maintenance expenditure not accounted in I-14 E Schedule

9.Amount used for asset creation treated an revenue expenditure, not transferred to capital contribution.

10,Mobilisation advance not accounted

11.Value of closing stock -register not maintained

12.ACR not maintained.

13.Other liability head in B4 statement not explained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്